## അടിയന്തര പ്രമേയം

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അടിയന്തര പ്രമേയം ഇവിടെ അനുവദിക്കുകയാണ്. സമാനസ്വഭാവമുള്ള ഒരേ കാര്യംതന്നെ സെന്റൻസിന്റെ ഘടന മാറ്റി പലപ്പോഴും സഭയിൽ വന്നിട്ടുള്ളതാണ്. പ്രതിപക്ഷ ഉപനേതാവ് ആയതുകൊണ്ട് ഞാൻ അടിയന്തര പ്രമേയം അവതരിപ്പിക്കാൻ അനുവദിക്കുകയാണ്.

കടകംപള്ളിയിലും കളമശ്ശേരിയിലും കോടികൾ വിലമതിക്കുന്ന ഭൂമി വ്യാജ രേഖ ചമച്ച് തട്ടിയെടുത്തതിനുപിന്നിൽ മുഖ്യമന്ത്രിയുടെ മുൻ ഗൺമാനായിരുന്ന സലീം രാജിനും ഭാര്യക്കും പുറമേ ഉന്നത സ്വാധീനമുള്ള ചിലരുണ്ടെന്നും ഭൂമി തട്ടിപ്പിലെ ഉന്നത ഇടപാടുകളെക്കുറിച്ചുള്ള അന്വേഷണം ഊർജ്ജിതമാക്കാതെ, നിസാരവൽക്കരിക്കുകയും ചെയ്യുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, വി. എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

## ഭൂമി തട്ടിപ്പ്

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കടകംപള്ളിയിലും കളമശ്ശേരിയിലുമായി ബന്ധപ്പെട്ടുകൊണ്ട് നടന്നിട്ടുള്ള ഭൂമി തട്ടിപ്പുമായി ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നില്ലെന്ന് കാണിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇവിടെ അടിയന്തര

പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുള്ളത്. ഗവൺമെന്റ് ഇക്കാര്യത്തിൽ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആ നടപടി സ്വീകരിച്ചുവെന്ന് പറയുന്നത് 08-05-2013-ൽ മലയാള മനോരമയിൽ ഒരു വാർത്ത കാണുകയുണ്ടായി. ആ വാർത്തയുടെ അടിസ്ഥാനത്തിൽ, ഡെപ്യൂട്ടി കളക്ടർ വിജിലൻസ് (സൗത്ത് സോൺ) റവന്യൂ വകുപ്പിന്റെ അതീനതയിലുള്ള വിജിലൻസ് വിഭാഗത്തിന് ഡെപ്യൂട്ടി കളക്ടർക്ക് ആ പത്രവാർത്തയുടെ അടിസ്ഥാനത്തിൽ അടിയന്തരമായി അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതിനുവേണ്ടി അദ്ദേഹത്തെ ഞാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം അന്വേഷണം നടത്തുകയും റിപ്പോർട്ട് നൽകുകയുമുണ്ടായി. അതിനുശേഷം വീണ്ടും 19-06-2013-ൽ ഷെരീഫ് എന്ന് പറയുന്ന ഒരു വ്യക്തിയുടെ പേരിലും അതുപോലെ വേറെ ഒന്നുരണ്ടുപേരുടെ പേരിലും പരാതികൾ എനിക്ക് നേരിട്ട് ലഭിക്കുകയുണ്ടായി. ആ പരാതി ലഭിച്ചപ്പോൾ, അതിന്റെ അടിസ്ഥാനത്തിൽ അന്നുതന്നെ ലാന്റ് റവന്യൂ കമ്മീഷണർക്ക് അന്വേഷണം നടത്തി റിപ്പോർട്ട് തരുന്നതിനുവേണ്ടി നിർദ്ദേശം നൽകുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഡിപ്പാർട്ടുമെന്റ്പരമായി ചെയ്യാൻ കഴിയുന്ന, ചെയ്യേണ്ടിയിരുന്ന നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ഗവൺമെന്റിന് ഒരു കാര്യംപോലും മറച്ചുവയ്ക്കേണ്ടതില്ല. ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കുമെന്ന് അന്ന് ഞാൻ പുറത്ത് പറഞ്ഞിട്ടുള്ളതാണ്. അതിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി അവരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. ഡിപ്പാർട്ടുമെന്റ് പരമായുള്ള അന്വേഷണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള കാര്യങ്ങളൊക്കെ ഇവിടെ നടന്നിട്ടു

ണ്ട്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ യാതൊന്നും തന്നെ മറച്ചുവയ്ക്കാനില്ല എന്നുള്ളതുകൊണ്ട്, പത്രമാധ്യമത്തിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്താൻ തീരുമാനമെടുക്കുകയും അതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നുവെന്ന് ഞാൻ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

പ്രതിപക്ഷ ഉപനേതാവ് (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുവാനുള്ള ശ്രമത്തിലാണ്. എന്ത് നടപടിയാണ് സ്വീകരിച്ചത്, ആരുടെ പേരിലാണ് നടപടി സ്വീകരിച്ചത് എന്ന് പോലും സഭയെ വെളിപ്പെടുത്താൻ ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി തയ്യാറായിട്ടില്ല. ഇത് 400 കോടി രൂപയിലധികം വില മതിക്കുന്ന ഭൂമി, 45 ഏക്കറോളം വരുന്ന ഭൂമി, കടകംപള്ളി, കളമശ്ശേരി എന്നീ പ്രദേശങ്ങളിലായിട്ടുള്ള 50 വർഷത്തിലധികമായി വസ്തുകരം തീർത്ത് കൈവശം വച്ചുവരുന്ന ഭൂമിയാണ്. 700 ഓളം വരുന്ന കുടുംബങ്ങളുടെ ഭൂമി ഒരു സംഘം ആളുകൾ സർക്കാരിന്റെ സംവിധാനം ഉപയോഗിച്ചുകൊണ്ട് തട്ടിയെടുത്ത് കൈവശം വയ്ക്കുന്ന നിലയിലേക്ക് എത്തുന്നത്. ഇത് കേരളത്തിൽ ഇതുവരെ കേട്ടുകേൾവിയില്ലാത്തൊരു കാര്യമാണ്. തമിഴ്നാട്ടിലൊക്കെ നടക്കുന്ന കാര്യം ഇവിടെയും തുടങ്ങിയോ എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് ചോദിക്കേണ്ടി വന്ന ഒരു സംഭവമാണിത്. ഇത് ഇങ്ങനെ സംഭവിച്ചുകഴിഞ്ഞാൽ, ബഹുമാനപ്പെട്ട അങ്ങയുടെ സ്ഥലം വേറൊരാളുടെ പേരിലേക്ക് എഴുതിവയ്ക്കുന്ന സ്ഥിതി നമ്മുടെ നാട്ടിൽ ഉണ്ടാകില്ലേ? ഒരു ഗവൺമെന്റിന്റെ പ്രാഥമികമായ ചുമതല മനുഷ്യന്റെ ജീവനും

സ്വത്തിനും സംരക്ഷണം കൊടുക്കുകയെന്നുള്ളതാണ്. സ്വത്തിന് സംരക്ഷണം കൊടുക്കാൻ സാധിക്കാത്ത ഒരു സർക്കാരിന് ഇവിടെ ഭരിക്കാൻ അവകാശമുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്. ഇതുസംബന്ധിച്ച പരാതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് തന്നില്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സുതാര്യ കേരളം പരിപാടിയിൽ പങ്കെടുത്തുകൊണ്ട് 2013 ജൂൺ മാസം ആറിന് ഇതുസംബന്ധിച്ച് പരാതി കൊടുത്തു. മുഖ്യമന്ത്രി ഇവിടത്തെ കളക്ടർക്ക് നിർദ്ദേശം കൊടുത്തു. ഒരു നടപടിയും സ്വീകരിച്ചില്ല. സുതാര്യ കേരളം പരിപാടിയിൽ വന്നിട്ടുള്ള ഒരു പരാതി ഇങ്ങനെയാണോ കൈകാര്യം ചെയ്യുന്നത്? അതിനുശേഷം മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിനും പരാതി കൊടുത്തു. ഒരു നടപടിയും ഉണ്ടായില്ല. 41 ഘട്ടത്തിൽ ഹൈക്കോടതി ഇതുസംബന്ധിച്ചുള്ള വിമർശനങ്ങൾ ഗവൺമെന്റിനെതിരായി നടത്തി. ഇങ്ങനെ വിമർശനങ്ങൾ നടത്തിയിട്ടും സർക്കാർ ഇതുസംബന്ധിച്ച് മൗനം അവലംബിക്കുന്നതിനുപിന്നിലുള്ള കാരണമെന്താണ്? ഏറ്റവും പ്രധാനമായി തണ്ടപ്പേര് കൃത്രിമമായി ഉണ്ടാക്കിയിരിക്കുന്നു എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. 3587 എന്ന ഒരു വ്യാജ തണ്ടപ്പേര് എഴുതിച്ചേർത്താണ് ഈ കൃത്രിമം മുഴുവനായി കാണിച്ചിരിക്കുന്നത്. ഇതിൽ റവന്യൂ ഉദ്യോഗസ്ഥരും രജിസ്ട്രേഷൻ വകുപ്പിലെ ഉദ്യോഗസ്ഥരും പുറമേനിന്നുള്ള ചില ആളുകളും ചേർന്ന് നടത്തിയിട്ടുള്ള ഏറ്റവും വലിയ തട്ടിപ്പും ഭൂമി കുംഭകോണവും മാഫിയ പ്രവർത്തനവുമാണ് ഇവിടെ നടന്നിട്ടുള്ളത്. ഇതുസംബന്ധിച്ച് ഈ ഡബിൾ പട്ടയം ഒരാളുടെ പേരിൽ എങ്ങനെ വന്നു? ഇതുസംബന്ധിച്ച് റവന്യൂ സെക്രട്ടറി ഹൈക്കോടതിയിൽ കൊടുത്തിട്ടുള്ള റിപ്പോർട്ടിൽ ഈ വസ്തുതകളാണ് ആകെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇത് വ്യാജമാണെന്നും ക്യാൻസൽ

ചെയ്യണമെന്നും ഡെപ്യൂട്ടി കളക്ടർ വിജിലൻസ് (സൗത്ത് സോൺ) ഇന്റലിജൻസ് അന്വേഷണം നടത്തിയിട്ടുണ്ടെന്ന് പറഞ്ഞു. അവർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റവന്യൂ സെക്രട്ടറിയുടെ റിപ്പോർട്ടുമുണ്ട്. ഈ റിപ്പോർട്ടൊക്കെ ഉണ്ടായിട്ടും ഇതിന്റെ പേരിൽ എന്തുകൊണ്ടാണ് നടപടി സ്വീകരിക്കാത്തത്? ഇതിന്റെ തുടക്കം 2005-ലാണ്. 2005-ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് ഇതുസംബന്ധിച്ച് ഇങ്ങനെയൊരു തട്ടിയെടുക്കൽ ശ്രമം നടന്നത്. പിന്നീട് വന്ന എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും ഇതുസംബന്ധിച്ച തട്ടിയെടുക്കൽ ശ്രമം നടന്നിട്ടുണ്ട്. അന്ന് ആ സ്ഥലത്തെ എം.എൽ.എ. ആയിരുന്ന അന്നത്തെ മന്ത്രി ശ്രീ. എം. വിജയകുമാറും ശ്രീ. കെ.പി. രാജേന്ദ്രനും ഈപ്രശ്നത്തിൽ ഇടപെട്ട് ഇതിനെതിരായി അന്വേഷണം നടത്തി. ഈ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൃത്രിമരേഖ ചമച്ച വില്ലേജ് ഓഫീസറെ അന്ന് സസ്പെന്റ് ചെയ്തു. അന്നത്തെ സബ്കളക്ടറായിരുന്ന ശ്രീ. ബൈജു, ഇന്ന് കളക്ടറാണ്. അദ്ദേഹം ഇടപെടുകയും പ്രമാണങ്ങൾ മുഴുവൻ റദ്ദാക്കുകയും ചെയ്തു. അന്നത്തെ ആർ.ഡി.ഒ.-യുടെ ചുമതല വഹിച്ച സബ് കളക്ടർ ശ്രീ. ബൈജു, ഐ.എ.എസ്. അത് റദ്ദാക്കിയതാണ്. പിന്നീട് ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ സംഘം സജീവമായി. അവർ ഇതിൽ സജീവമായ ഇടപെട്ടുകൊണ്ടാണ് ഇതൊക്കെ ചെയ്തിട്ടുള്ളത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അന്ന് സസ്പെന്റ് ചെയ്യപ്പെട്ട വില്ലേജ് ഓഫീസറെ ഈ ഗവൺമെന്റ് വന്നപ്പോൾ താലൂക്ക് ഓഫീസിൽ ഡെപ്യൂട്ടി തഹസീൽദാർ ആയി നിശ്ചയിച്ചുകൊടുത്തു. അന്ന് സസ്പെന്റ് ചെയ്യപ്പെട്ട ഓഫീസർ ഇതുസംബന്ധിച്ച് ഒരു മർമ്മപ്രധാനമായ ഒരു സ്ഥാനം നിശ്ചയിച്ചുകൊടുത്തപ്പോൾ അയാളുടെ കാർമികത്വത്തിൽ ഈ നടപടികളെല്ലാം ദ്രുതഗതിയിൽ

ഈ ഗവൺമെന്റ് വന്നപ്പോൾ നടക്കുന്ന സ്ഥിതിവിശേഷമാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. ഇത്തരത്തിലുള്ള ഒരു നടപടി എന്തുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് ഉണ്ടായി എന്നത് ഗൗരവപൂർവ്വം പരിശോധിക്കേണ്ട ഒരു കാര്യമല്ലേ? ഇതുസംബന്ധിച്ചുകൊടുത്ത പരാതികളൊന്നും ആരും അന്വേഷിക്കാത്തതെന്താണ്? ഇതുസംബന്ധിച്ച് താഴ്ന്ന വ്യക്തികളെപ്പറ്റിയാണെങ്കിൽ ഉടനെ അന്വേഷണം നടക്കില്ലേ. ആരോപണവിധേയനായിട്ടുള്ള വ്യക്തി മുഖ്യമന്ത്രിയുടെ ഗൺമാൻ ആയിരുന്ന സലീം രാജാണ്. ഇപ്പോൾ അദ്ദേഹം ഗൺമാനല്ല. സസ്പെന്റ് ചെയ്യപ്പെട്ട ഒരു പോലീസ് ഓഫീസറാണ്. ഈ പോലീസ് ഓഫീസർക്ക് എന്താണ് ഭരണത്തിൽ ഇത്ര സ്വാധീനമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ചോദിച്ചില്ലേ. സസ്പെന്റ് ചെയ്യപ്പെട്ടിട്ടുള്ള ഈ പോലീസ് ഓഫീസറായിട്ടുള്ള ഇദ്ദേഹം മുഖ്യമന്ത്രിയുടെ ഓഫീസ് പ്രവർത്തിക്കുന്ന കാലത്താണ് ഇതുസംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും ഉണ്ടായിട്ടുള്ളത്.

ഇദ്ദേഹം മുഖ്യമന്ത്രിയുടെ ഓഫീസിൽ ഗൺമാനായി പ്രവർത്തിക്കുമ്പോൾ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിൽ പ്രവർത്തിച്ചിരുന്ന അദ്ദേഹത്തിന്റെ ഭാര്യയെ ലാൻഡ് റവന്യൂ കമ്മീഷണർ ഓഫീസിലേക്ക് മാറ്റി നിയമിച്ചു. കടകംപള്ളിയിലെയും കളമശ്ശേരിയിലെയും ഭൂമി ഇടപാടുമായി ബന്ധപ്പെട്ട ഫയലുകൾ മാത്രമാണ് ലാൻഡ് റവന്യൂ കമ്മീഷണർ ഓഫീസിൽ സലീം രാജിന്റെ ഭാര്യ കൈകാര്യം ചെയ്തത്. ഈ രണ്ട് കേസുകളും കൈകാര്യം ചെയ്യുന്നതിനുവേണ്ടിയാണോ ലാൻഡ് റവന്യൂ കമ്മീഷണർ ഓഫീസിലേക്ക് അവരെ ഡെപ്യൂട്ടേഷനിൽ നിയമിച്ചത്? ഒരു സംഭവം നടത്തുന്നതിന് ഇടയാക്കുന്ന ഒരാൾക്ക് ഇത്തരത്തിലുള്ള മർമ്മപ്രധാനമായ സ്ഥാനത്തേക്ക് എന്തിനാണ് നിയമനം നൽകിയത്? ഭരണകക്ഷിയിൽ വളരെ

സ്വാധീനമുള്ള അഷ്റഫ്, മുഖ്യമന്ത്രിയുടെ ഗൺമാനായിരുന്ന സലീം രാജ്, കളക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ടായ കല്ലിയൂർ റഹ്മാൻ, അഡീഷണൽ തഹസീൽദാർ ഹരിഹരൻ നായർ, ആർ.ഡി.ഒ ആയിരുന്ന മുസ്തഫ എന്നിവർ ചേർന്ന കുട്ടുകെട്ടാണ് ഇത്രയും വലിയ ഭൂമി തട്ടിപ്പിന് കളമൊരുക്കിയിരിക്കുന്നത്. ആർ.ഡി.ഒ. ആയിരുന്ന മുസ്തഫ ഇപ്പോൾ ലാൻഡ് റവന്യൂ കമ്മീഷണർ ഓഫീസിൽ നിയമിതനായിരിക്കുകയാണ്. ഇത് സർക്കാർ സ്പോൺസേർഡ് ഭൂമി തട്ടിപ്പാണ്. ഗവൺമെന്റിന്റെ കാർമ്മികത്വത്തിലുള്ള ഒരു കുംഭകോണമാണ് ഇവിടെ നടന്നിരിക്കുന്നത്. ഇതുസംബന്ധിച്ച് കോടതിയിൽ കേസ് വന്നപ്പോൾ ഗവൺമെന്റെടുത്ത നിലപാടാണ് ദൂരൂഹത വർദ്ധിപ്പിച്ചത്. ഇതുസംബന്ധിച്ച് ബന്ധപ്പെട്ട വ്യക്തികൾ ഹൈക്കോടതിയെ സമീപിച്ചപ്പോൾ സലീം രാജിന്റെ ടെലഫോൺ വിശദാംശങ്ങൾ പിടിച്ചെടുക്കണമെന്ന് സിംഗിൾ ബഞ്ച് ഐ.ജി. ക്ക് നിർദ്ദേശം നൽകി. ഈ ഉത്തരവ് അപ്രായോഗികമാണ്, ഇത് നടപ്പാക്കാൻ കഴിയില്ലെന്നുപറഞ്ഞ് സംസ്ഥാനത്തിന്റെ അഡ്വക്കേറ്റ് ജനറൽ ഡിവിഷൻ ബഞ്ചിനെ സമീപിച്ചു. ഇത്തരത്തിൽ വ്യക്തികൾ തമ്മിലുള്ള കേസിൽ അഡ്വക്കേറ്റ് ജനറൽ ഹാജരാകേണ്ടതുണ്ടോ; അഡ്വക്കേറ്റ് ജനറൽ എന്തിനാണ് ഈ കേസിൽ ഹാജരായത്? സലീം രാജിന്റെ ടെലഫോൺ വിശദാംശങ്ങൾ പിടിച്ചെടുത്താൽ ഇവിടെ ആർക്കാണ് വിഷമമുണ്ടാകുന്നത്; സലീം രാജിന്റെ ടെലഫോൺ വിശദാംശങ്ങൾ പുറത്തുവന്നാൽ ഗവൺമെന്റിനെന്താണ് പ്രശ്നം; ഗവൺമെന്റിന് പ്രശ്നമാണ് എന്ന തോന്നൽ എന്തുകൊണ്ടാണുണ്ടായത്? സലീം രാജിന്റെ ടെലഫോൺ വിശദാംശങ്ങൾ പുറത്തുവരാൻ പാടില്ലെന്ന നിലപാടെടുത്തതോടുകൂടി ഇതുസംബന്ധിച്ച ദുരൂഹത വർദ്ധിച്ചിരിക്കുകയാണ്. ടെലഫോൺ കമ്പനികളെ കക്ഷി ചേർക്കാത്തതിനാലാണ് ടെലഫോൺ വിശദാംശങ്ങൾ പിടിച്ചെടുക്കാൻ കഴി

യാത്തതെന്നാണ് ഡിവിഷൻ ബഞ്ചിൽ അഡ്വക്കേറ്റ് ജനറൽ വാദിച്ചത്. അതിനുശേഷം ടെലഫോൺ കമ്പനികളെ കക്ഷി ചേർക്കാൻവേണ്ടി അപേക്ഷ കൊടുത്തതിനെയും ഗവൺമെന്റ് എതിർത്തു. ഈ കേസിൽ ഗവൺമെന്റിന് ഇത്ര മാത്രം താല്പര്യമെന്താണെന്ന് ഹൈക്കോടതി ചോദിച്ചില്ലേ? സലീം രാജിന്റെ ടെലഫോൺ വിശദാംശങ്ങൾ പുറത്തുവന്നാൽ അദ്ദേഹത്തിന്റെ ദുരൂഹ ഇടപാടുകൾ പുറത്തുവരികയും അത് ഗവൺമെന്റിന്റെ ഉറക്കം കെടുത്തുകയും ചെയ്യും എന്നതുകൊണ്ടാണോ ടെലഫോൺ വിശദാംശങ്ങൾ പിടിച്ചെടുക്കണ്ടെന്ന് ഗവൺമെന്റ് പറഞ്ഞത്. മുഖ്യമന്ത്രിക്ക് നൽകിയ പരാതി പരിഹരിക്കാതിരുന്നതെന്താണ്? ഈ പോലീസ് ഓഫീസറെപ്പറ്റി ഡി.ജി.പി.-ക്ക് പരാതി കൊടുത്തിരുന്നു. ഒരു പോലീസ് കോൺസ്റ്റബിളിനെപ്പറ്റി വന്ന പരാതിയിൽ തീരുമാനമെടുക്കാൻ ഡി.ജിപി.-ക്ക് അധികാരമില്ലേ? ഞാനെന്താണ് ചെയ്യേണ്ടതെന്ന് ചോദിച്ച് ഡി.ജി.പി. ഈ പരാതി ഗവൺമെന്റിന് അയച്ചുകൊടുക്കുകയാണ് ചെയ്തത്. കേരളത്തിൽ ഇങ്ങനെയൊരു സംഭവം ഉണ്ടായിട്ടുണ്ടോ? അഞ്ച് വർഷക്കാലം ആദ്യന്തര വകുപ്പുമന്ത്രിയായി പ്രവർത്തിച്ച ആളാണ് ഞാൻ. ഈ പോലീസ് കോൺസ്റ്റബിൾ ഡി.ജിപി.-ക്ക് മുകളിലാണോ, മുഖ്യമന്ത്രിക്ക് സമാനമാണോയെന്ന് ഇത് സംബന്ധിച്ച് ഹൈക്കോടതി ചോദിച്ചു. ഈ കേസിൽ ഗവൺമെന്റിന് വ്യത്യസ്ത നിലപാടാണ്, ഓരോ സന്ദർഭത്തിലും ഓരോ നിലപാടുകൾ സ്വീകരിക്കുന്നതെന്താണെന്ന്, ഇവിടെ ജനാധിപത്യമുണ്ടോ; സലീം രാജാണോ മുഖ്യമന്ത്രി എന്നെല്ലാം ഹൈക്കോടതി ചോദിച്ചു.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, 11 മിനിട്ടായി ....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അങ്ങയുടെ മൂക്കിന് താഴെയാണ് ഈ സംഭവങ്ങൾ നടക്കുന്നത്. അങ്ങ് അധിവസിക്കുന്ന പ്രദേശത്തിനടുത്ത് കടകംപള്ളിയിൽ ഭൂമി തട്ടിപ്പ് നടത്തിയിട്ട് ................

മി. സ്പീക്കർ: ഈ ചോദ്യോത്തരങ്ങളെല്ലാം പത്രങ്ങളിൽ വന്നതാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ. ഇപ്പോൾ 11 മിനിട്ട് കഴിഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പത്രങ്ങളിൽ വന്നത് നിയമസഭയിൽ പറയണ്ടേ?

മി. സ്പീക്കർ: പറയാം. പക്ഷേ 11 മിനിട്ട് കഴിഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അങ്ങനെയാണെങ്കിൽ ഇനി പത്രത്തിൽ വന്നതൊന്നും ഇവിടെ പറയാൻ പാടില്ലെന്ന് റൂളിംഗ് നടത്തണം.

മി. സ്പീക്കർ: ഞാൻ അങ്ങനെയല്ല പറഞ്ഞത്. 11 മിനിട്ട് കഴിഞ്ഞുവെന്നാണ് പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇത് പറഞ്ഞ് തീർക്കാൻ അനുവദിക്കണം. മുഖ്യമന്ത്രിയുടെ മുൻ ഗൺമാൻ സലീം രാജ് മുഖ്യമന്ത്രിയായാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതെന്ന് ഹൈക്കോടതി പറഞ്ഞില്ലേ? സംസ്ഥാനത്ത് ജനങ്ങളുടെ ഭരണമല്ല നടക്കുന്നതെന്നും ഇവിടെയെന്ത് ജനാധിപത്യമാണെന്നും ജസ്റ്റിസ് ഹാറൂൺ റഷീദ് ചോദിച്ചില്ലേ? ഡി.ജി.പി.–ക്കുപോലും സലീം രാജിനെ ഭയമാണെന്നും ഒരു പോലീസ് കോൺസ്റ്റബിളിനെപ്പോലും ജനങ്ങൾ ഭയപ്പെടുന്ന അവസ്ഥയാണ് സംസ്ഥാനത്തുള്ളതെന്നും കേരള ഹൈക്കോടതിയിലെ ജസ്റ്റിസ് ഹാറൂൺ റഷീദ് അഭിപ്രായപ്പെട്ടു. സർക്കാർ അന്വേഷണം നിഷ്പക്ഷമല്ലെന്നാണ് ജസ്റ്റിസ് ഹാറൂൺ റഷീദ് പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ രണ്ട് റിപ്പോർട്ടുകൾ പറഞ്ഞു. ഈ

റിപ്പോർട്ടുകൾ ഇതുസംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നില്ലെന്ന് ഹൈക്കോടതിക്ക് പറയേണ്ടി വന്നു. സി.ബി.ഐ. അന്വേഷിക്കുന്നതല്ലേ ഉചിതമെന്ന് ഹൈക്കോടതി ചോദിച്ചു. ഈ സംസ്ഥാനത്തെ ഗവൺമെന്റ് ഏജൻസികളുടെ അന്വേഷണം നിഷ്പക്ഷമല്ലെന്ന് ഹൈക്കോടതിക്ക് നിരീക്ഷിക്കേണ്ടി വന്നതു കൊണ്ടല്ലേ ഇത്തരമൊരു നിലപാട് പരസ്യമായി ഹൈക്കോടതിക്ക് ചോദിക്കേണ്ടിവന്നത്. 400 കോടി രൂപയുടെ ഉറവിടം എന്താണ്; മുഖ്യമന്ത്രിയുടെ ഗൺമാനായി പ്രവർത്തിക്കുന്ന ഒരാൾക്ക് 400 കോടി രൂപ എങ്ങനെ ലഭിച്ചുവെന്നാണ് ഹൈക്കോടതി ചോദിച്ചത്. സലീം രാജിന്റെ പണം ആരുടെ പണമാണെന്നും മുഖ്യമന്ത്രിയുടെ മുൻ ഗൺമാൻ സലീം രാജിന്റെ ഭൂമി ഇടപാടുകൾക്ക് പിന്നിലെ സാമ്പത്തിക സ്രോതസ് എന്താണെന്നും വെറുമൊരു പോലീസ് കോൺസ്റ്റബിൾ മാത്രമായ ഒരാൾ ആരുടെ ബിനാമിയായാണ് പ്രവർത്തിക്കുന്നതെന്നും ഹൈക്കോടതി ചോദിച്ചില്ലേ? മന്ത്രിയും മാഫിയാ സംഘങ്ങളും ഗുണ്ടകളും തമ്മിൽ ബന്ധമുണ്ടോയെന്ന് പോലും ഹൈക്കോടതി ചോദിക്കുന്ന അവസ്ഥയുണ്ടായില്ലേ? ഇത്രയും കടുത്ത പരാമർശം ഹൈക്കോടതയിൽനിന്ന് ഇതുവരെ നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടില്ല എന്നതാണ് ഈ കേസിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നത്. ഇതുസംബന്ധിച്ച് അന്വേഷണം നടത്തി ഹൈക്കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ച റവന്യൂ സെക്രട്ടറി കമലവർദ്ധന റാവു, ഐ.എ.എസ്. എവിടെപ്പോയി? ഹൈക്കോടതിയിൽ റിപ്പോർട്ട് കൊടുത്ത അദ്ദേഹത്തിന് പീഡനമേറ്റതിന്റെ ഫലമായി സർവ്വീസിൽ പോലും തുടരാൻ സാധിക്കാതെ ഐ.എ.എസ്.-ൽനിന്നും രാജിവച്ച് പോവുകയാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചില്ലേ. ഡി.ജിപി.-ക്ക് പരാതി നൽകിയാൽ ഡി. ജി.പി. അന്വേഷിക്കുന്നില്ല. ഇതുസംബന്ധിച്ച് അന്വേഷിച്ച് ഹൈക്കോടതിയിൽ

റിപ്പോർട്ട് നൽകിയ റവന്യൂ സെക്രട്ടറി എനിക്ക് കേരളത്തിൽ ജോലി ചെയ്യാൻ കഴിയില്ല, ഞാൻ ഐ.എ.എസ്.തന്നെ രാജിവച്ച് പോകുകയാണെന്ന് പറയാൻ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥൻ സന്നദ്ധമാകുന്ന അവസ്ഥ ഈ കേസിനെങ്ങനെയുണ്ടായി? റിപ്പോർട്ട് തയ്യാറാക്കാൻ റവന്യൂ സെക്രട്ടറിയെ സഹായിച്ചതിനാൽ ലാൻഡ് റവന്യൂ അസിസ്റ്റന്റ് കമ്മീഷണർ സജിത് ബാബുവിനെ രണ്ട് ദിവസംമുമ്പ് സ്ഥലം മാറ്റി. അയാളാണ് പ്രശ്നമെന്ന് ബഹുമാനപ്പെട്ട മന്ത്രി അവിടെയിരുന്ന് പറയുന്നതുകേട്ടു. അതാണ് അടിയന്തര സാഹചര്യം. നമ്മുടെ സംസ്ഥാനത്ത് മാഫിയാ ഭരണം നടത്തുമ്പോൾ ഇവിടെയല്ലാതെ എവിടെയാണ് ചർച്ച ചെയ്യേണ്ടത്.

മി. സ്പീക്കർ: അതാണല്ലോ ഇവിടെ ചർച്ച ചെയ്യുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഒരാളുടെ പേരിൽ ഇരട്ടപ്പട്ടയം, ഒരാളുടെ പേരിൽ ഇരട്ട തണ്ടപ്പേരുള്ള നടപടികൾ ഇതെല്ലാം നമ്മുടെ സംസ്ഥാനത്ത് കേട്ടുകേഴ്വിപോലുമില്ലാത്ത അസാധാരണമായ ഒരു സ്ഥിതി വിശേഷമാണ്. ഇങ്ങനെയുള്ള ഗുരുതരമായ ക്രമക്കേട് നടത്താൻ സാധാരണക്കാരായ ഉദ്യോഗസ്ഥന്മാരെക്കൊണ്ടുമാത്രം സാധിക്കുമോ? ഉന്നതൻമാരുടെ പിന്തുണ ഇതിനുണ്ട്. റവന്യൂ വകുപ്പുമന്ത്രിയും രജിസ്ട്രേഷൻ വകുപ്പുമന്ത്രിയും ഇത് കണ്ടില്ലെന്നുനടിക്കുകയാണ്. ഈ വകുപ്പിലെ ഉദ്യോഗസ്ഥർ ഇതിന് കൂട്ടുനിന്ന് നടത്തിയിട്ടുള്ള ഏറ്റവും വലിയ ഭൂമി തട്ടിപ്പുകേസ് നമ്മുടെ ഈ തലസ്ഥാന നഗരിയിൽ നടന്നില്ലേ? ഇതിലൊന്നും ഇടപെടാൻ സാധിക്കുന്നില്ലെങ്കിൽ........ കരമടയ്ക്കാൻ പോകുമ്പോൾ ഇപ്പോൾ ആ ഭൂമി നിങ്ങളുടേതല്ല എന്നു പറഞ്ഞാൽ.........അങ്ങനെയാണ് ഈ കുടുംബത്തിലുണ്ടായിട്ടുള്ളത്. 50 വർഷമായി കരമടച്ച ആളുകൾ, 2012 വരെ കരമടച്ച ആളുകൾ, പിന്നീട്

കരമടയ്ക്കാൻ ചെല്ലുമ്പോൾ പറയുന്ന, ഇപ്പോൾ നിങ്ങളുടെ ഭൂമി വേറെയൊരാളുടേതായിപ്പോയി. ഇങ്ങനെ വന്നുകഴിഞ്ഞാൽ ഇവിടെ ആരുടെ ഭൂമിക്കാണ് സുരക്ഷിതത്വമുള്ളത്. ആരും അറിയാതെ തണ്ടപ്പേരുകളും വ്യാജപ്പേരുകളും കൃത്രിമം കാണിച്ച് വ്യാജരേഖ ചമച്ച് കോടിക്കണക്കിന് രൂപയുടെ ഭൂമി തട്ടിയെടുത്തിട്ടുള്ള ആളുകൾക്കെതിരായി എന്തുകൊണ്ട് നടപടിയെടുക്കുന്നില്ല. മുഖ്യമന്ത്രിയുടെ ഓഫീസ് ഉപയോഗിച്ചുകൊണ്ടല്ലേ ഈ തട്ടിപ്പുകൾ നടത്തിയത്. മുഖ്യമന്ത്രിയുടെ ഓഫീസിൽ അദ്ദേഹം പ്രവർത്തിക്കുന്നതുകൊണ്ടല്ലേ അദ്ദേഹത്തിനിത് ചെയ്യാൻ സാധിച്ചത്. ഈ മുൻഗൺമാൻ കോഴിക്കോട് പോയി ഒരു ക്വട്ടേഷൻ പ്രവർത്തനത്തിൽ പങ്കെടുത്തില്ലേ? അവിടെവച്ച് ഐഡന്റിറ്റി കാർഡ് കാണിച്ചുകൊടുത്തു, സസ്പെന്റ് ചെയ്ത പോലീസ് ഓഫീസർ എന്തുചെയ്തു? ഇതുവരെയാരും ഇത്തരത്തിലൊരു കേസ്സും ഈ മുൻഗൺമാന്റെ പേരിൽ എന്തുകൊണ്ട് സ്വീകരിച്ചില്ല. ഇതിന് മുഖ്യമന്ത്രിയുടെ പിൻതുണയുള്ളതുകൊണ്ടല്ലേ എല്ലാ ഒത്താശയും ചെയ്ത് കൊടുത്ത് നടത്താനുള്ള അവസരമുണ്ടായത്. മുഖ്യമന്ത്രിക്ക് പരാതികൊടുത്തിട്ട് മുഖ്യമന്ത്രി ഇടപെട്ടില്ല. സുതാര്യ കേരളം, ജനസമ്പർക്കം എല്ലാം നടത്തുന്ന മുഖ്യമന്ത്രി ഈ കേസ്സിന്റെ പേരിൽ മാത്രം എന്തുകൊണ്ട് കണ്ണടച്ചു. അതുകൊണ്ട് ഈ ഗവൺമെന്റിന്, മുഖ്യമന്ത്രിയുൾപ്പെടെ ഇതുമായിട്ടുള്ള അവിശുദ്ധബന്ധമാണ് ഇത്തരത്തിലുള്ള വലിയ കൃത്യങ്ങൾ നടത്താൻ ഈ കേരളത്തിൽ അവസരം ഉണ്ടായിട്ടുള്ളത്. നമ്മുടെ നാട്ടിലെ ആളുകൾക്ക് ജീവനും സ്വത്തിനും സുരക്ഷിതത്വം വേണം. അതുകൊടുക്കാൻ സാധിക്കാത്ത, മാഫിയാ സംഘങ്ങൾ ഭൂമി തട്ടിപ്പറിക്കാൻവേണ്ടി അവസരം ഉണ്ടാക്കിക്കൊടുത്തിരിക്കുന്ന ഈ ഗവൺമെന്റിന്റെ മാഫിയാഭരണത്തെക്കുറിച്ച് ചർച്ച ചെയ്യാൻ ഇന്നത്തെ സഭാനടപടി നിറുത്തിവയ്ക്കണം. ഗൗരവതര

മായ പ്രശ്നമാണ് ഇവിടെ ഞങ്ങൾ ഉന്നയിക്കുന്നത്. അതിനുള്ള സാഹചര്യം ഉണ്ടാക്കണം. മുഖ്യമന്ത്രിക്കെതിരായുള്ള ആരോപണമായതുകൊണ്ട് മുഖ്യ മന്ത്രിതന്നെ ഇടപെട്ട് അന്വേഷണം നടത്താൻ തയ്യാറാകണം. ഇത് സഭ നിറുത്തിവച്ച് ചർച്ച ചെയ്യാം എന്നുള്ള നിലപാട് മുഖ്യമന്ത്രി തന്നെ സ്വീകരി ക്കണം എന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, ബഹു മാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇവിടെ ഉന്നയിച്ച അടിസ്ഥാനപരമായ കാ ര്യങ്ങൾക്ക് ആദ്യംതന്നെ മറുപടി പറയുകയാണ്. ഏറ്റവും അവസാനം അദ്ദേഹം പറഞ്ഞുവന്നത് ഡോ. സജിത് ബാബുവിനെ സ്ഥലം മാറ്റിയതിനെ സംബന്ധിച്ചാണ്. ഡോ. സജിത് ബാബു ആരാണെന്ന് ഈ സഭ അറിഞ്ഞിരി ക്കണം .................... (ബഹളം)...........അസഹിഷ്ണുത വേണ്ട. ഞാനൊന്ന് പറ യട്ടെ............... എന്തായാലും ഈ അടിയന്തര പ്രമേയത്തിന്റെ അടിസ്ഥാനം ഡോ. സജിത് ബാബു തന്നെയാണ്. അതുകൊണ്ടാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞുവന്നപ്പോൾ ഞാൻ അതിന് ഒരു കമന്റ് ഇവിടെ പാസ്സാക്കിയത്. അദ്ദേഹം അത് കേൾക്കുകയും ചെയ്തു............(ബഹ ളം)........................

മി. സ്പീക്കർ : മിനിസ്റ്റർ പറഞ്ഞുകൊള്ളൂ..........

ശ്രീ. അടൂർ പ്രകാശ്: കരം എടുക്കാൻ അനുവദിക്കുന്നില്ലായെന്ന് ബഹു മാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഒരാക്ഷേപം ഇവിടെ പറയുകയുണ്ടായി........ (ബഹളം)............. മറുപടി കേൾക്കാൻ അസഹിഷ്ണുത എന്തിനാണ്........... ഇവിടെ മാത്രമല്ല കേരളത്തിലെ നിരവധി ജില്ലകളിലും ഇതുതന്നെയാണ് അവസ്ഥ. ഞാൻ അവിടെ എത്തുമ്പോൾ കേൾക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പരാതി ഞങ്ങൾ ഇന്നലെവരെ കരം എടുത്തുകൊണ്ടിരുന്നതാണ്. കഴിഞ്ഞ

വർഷവും കരമൊടുക്കിയിരുന്നു. ഈ വർഷം കരമെടുക്കാൻ അനുവദിക്കുന്നില്ല. ഞാൻ അതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ, ഇവിടത്തെ അസിസ്റ്റന്റ് കമ്മീഷണറായിരുന്ന ഡോ. സജിത് ബാബുവിന്റെ ടെലിഫോൺ സന്ദേശത്തിലൂടെ കേരളത്തിൽ നിരവധി വില്ലേജുകളിൽ കരമെടുക്കുവാൻ പാടില്ലായെന്ന് നിർദ്ദേശം കൊടുക്കുകയാണ്. ഞാൻ അദ്ദേഹത്തെ ഈ കസേരയിൽ ഇരുത്തിക്കൊണ്ട് കേരളത്തിലെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമോ? ഉദ്യോഗസ്ഥന്മാരെന്ന നിലയിൽ സാധാരണ ഗതിയിൽ ഓരോ ഡിപ്പാർട്ട്മെന്റിലും നടത്തിക്കൊണ്ടിരിക്കുന്ന സ്ഥലംമാറ്റങ്ങൾ സ്വാഭാവികമാണ്. അങ്ങനെ സ്വാഭാവിക നടപടിയെന്നുള്ള നിലയിൽ ഇവിടെ ചില സ്ഥലംമാറ്റങ്ങൾ നടത്തിയിട്ടുണ്ട്. ഏതാണ്ട് പത്ത് പതിനെട്ടോളം ഡെപ്യൂട്ടി കളക്ടർമാർ റിട്ടയർ ചെയ്തു. ആ റിട്ടയർ ചെയ്ത ഒഴിവുകൾ വന്നപ്പോൾ ചില സ്ഥലമാറ്റങ്ങൾ നടത്തി. കൈരളി ചാനലിൽ സ്ഥലം മാറ്റിയതിനെക്കുറിച്ച് ഒരു ചർച്ചയുണ്ടായിരുന്നു. ആ ചർച്ചയിൽ ഇതേ ഉദ്യോഗസ്ഥന്റെ തന്നെ പ്രതികരണമുണ്ടായിരുന്നുവെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇത് ശരിയാണോ എന്നതിനെക്കുറിച്ച് ഞങ്ങൾ ആലോചിക്കണ്ടേ? ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവേ, അങ്ങ് 5 വർഷം ആഭ്യന്തരമന്ത്രിയായി ഇരുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ഈ പറഞ്ഞ ഉദ്യോഗസ്ഥൻ പല സ്ഥലത്തും കരം സ്വീകരിക്കണ്ടാ എന്ന് പറഞ്ഞൂവെന്ന്. കടകംപള്ളി വില്ലേജിൽ കരം സ്വീകരിക്കുന്നില്ല എന്ന പരാതി 2013-ൽ സുതാര്യ കേരളത്തിൽ വന്നിട്ടും ഇവരുടെ കരമെടുക്കണം എന്നൊരു നിർദ്ദേശം എന്തുകൊണ്ട് കൊടുത്തില്ല? ഈ ഉദ്യോഗസ്ഥനാണോ അത് തടസ്സപ്പെടുത്തിയത്. ?

ശ്രീ. അടൂർ പ്രകാശ്: സർ, കരം ഇവിടുത്തെ മാത്രം പ്രശ്നമല്ല. കേരളത്തിന്റെ മുഴുവൻ പ്രശ്നമല്ലേ? കടകംപള്ളിയിലെ കാര്യം ഞാൻ പറയാം അങ്ങ് ഉൾപ്പെടെ മന്ത്രിസഭയിൽ അംഗമായിരിക്കുന്ന കാലഘട്ടത്തിൽ, 27-06-2009-ന് കൊടുത്ത ചില റിപ്പോർട്ടുകളുണ്ട്. കടകംപള്ളിയാണ് പ്രശ്നം. അന്ന് ഈ കാര്യത്തിൽ എന്ത് നടപടി എടുത്തിരുന്നു എന്നതിനെക്കുറിച്ച് അങ്ങ് അന്വേഷണം നടത്തിയോ? അന്വേഷണം നടത്തിയില്ലല്ലോ. അങ്ങ് പറഞ്ഞതേയുള്ളൂ. പക്ഷേ അതിനുശേഷമുള്ള കാര്യങ്ങൾ കടകംപള്ളിയുമായി ബന്ധപ്പെട്ട് എന്ത് നടത്തിയെന്നതിനെക്കുറിച്ച് അങ്ങ് അന്വേഷണം നടത്തിയില്ലല്ലോ. നടത്തിയില്ല. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കയ്യിൽ കിട്ടിയ പരാതികൾ വസ്തുനിഷ്ഠമായി അന്വേഷണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുകയാണ് ഞങ്ങൾ ചെയ്തത്. നടപടി സ്വീകരിച്ചു എന്നതിന്റെ ഭാഗമെന്ന നിലയിലാണ് ..... മലയാള മനോരമയിൽ ഒരു വാർത്ത വന്നപ്പോൾ ആ വാർത്തയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്താൻ ഉത്തരവിട്ടു. അതിനുശേഷം 19-06-2013-ന് എനിക്ക് നേരിട്ട് പരാതികിട്ടി. ആ പരാതിയുടെ അടിസ്ഥാനത്തിൽ 29-06-2013-ന് തന്നെ അന്വേഷണം നടത്തി റിപ്പോർട്ട് തരുന്നതിന് ലാന്റ് റവന്യൂ കമ്മീഷണറെ ഞാൻ ചുമതലപ്പെടുത്തി. ഇവിടെ ഒന്നും മറച്ചുവയ്ക്കുവാൻ ഇല്ല എന്നുള്ളതുകൊണ്ടാണ് ഇത്തരം നടപടികളൊക്കെ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഗവൺമെന്റ് നടപടി സ്വീകരിക്കുകമാത്രമല്ല ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ചില ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ഞാൻ അതൊന്നും മറച്ചുവയ്ക്കുന്നില്ല. ബഹു. ഹൈക്കോടതി

യിൽ നിന്നുള്ള ഇടപെടൽ വന്നപ്പോഴും റവന്യൂ സെക്രട്ടറി ശ്രീ. കമലവർദ്ധന റാവുവിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും എടുക്കുവാൻ കഴിയുന്ന എല്ലാ നടപടികളും റവന്യൂ ഡിപ്പാർട്ട്മെന്റിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾ എടുത്തു. ശ്രീ. കമലവർദ്ധന റാവു രാജിവച്ചു പോയി എന്നതിനെ ക്കുറിച്ച് പ്രതിപക്ഷ ഉപനേതാവ് ഇവിടെ പറയുകയുണ്ടായി. അദ്ദേഹം എന്തി നുവേണ്ടി രാജിവച്ചുപോയി............അദ്ദേഹത്തെ പീഡിപ്പിച്ചുവെന്ന് .........ഞാൻ അദ്ദേഹത്തെ പീഡിപ്പിച്ചില്ല. ആ പീഡനം എങ്ങനെയായിരുന്നുവെന്ന് എനി ക്കറിയില്ല. അദ്ദേഹത്തിന്റെ അമ്മയെ നോക്കുന്നതിനുവേണ്ടി അദ്ദേഹത്തിന് ദീർഘനാളായി അവധിയെടുത്ത് പോകേണ്ടതായി വരും എന്ന് പലവട്ടം എന്നോട് പറഞ്ഞതാണ്. അദ്ദേഹം നല്ലൊരു ഉദ്യോഗസ്ഥനായിരുന്നുവെന്നു ള്ളതുകൊണ്ട് ഞാൻ അദ്ദേഹത്തെ നിരുത്സാഹപ്പെടുത്തി. നിരുത്സാഹപ്പെടു ത്തിയപ്പോഴും അദ്ദേഹം അവധിയെടുക്കുന്ന കാര്യം ആവർത്തിച്ചുപറഞ്ഞ അവസരത്തിൽ, ഹൈക്കോടതിയിൽനിന്നുള്ള പരാമർശത്തിന്റെ അടിസ്ഥാന ത്തിൽ റവന്യൂ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകിയതിനുശേഷം മാത്രമേ അവധി യിൽ പ്രവേശിക്കാൻ പാടുള്ളൂവെന്ന് നിർദ്ദേശം കൊടുത്തത് ഞാനാണ്.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരാമർശത്തിന്റെ അടിസ്ഥാന ത്തിൽ റിപ്പോർട്ട് കോടതിയിൽ വരട്ടെയെന്നുള്ളതുകൊണ്ടാണ് അങ്ങനെ അവധി കൊടുത്തത്. ഞങ്ങൾക്ക് മറച്ചുവയ്ക്കാനുണ്ടായിരുന്നെങ്കിൽ ഈ റിപ്പോർട്ട് കൊടുക്കേണ്ട കാര്യമില്ലായിരുന്നു. ഒന്നും മറച്ചുവയ്ക്കാനില്ലാ ത്തതുകൊണ്ടാണ് കോടതിയുടെ മുമ്പിൽ അത്തരം കാര്യങ്ങൾ കൊടുക്കാൻ ഞങ്ങൾ നടപടികൾ സ്വീകരിച്ചത്. ആരുടെ പേരിൽ നടപടിയെടുത്തുവെന്ന് അങ്ങ് ചോദിച്ചില്ലേ? തൃക്കാക്കര നോർത്ത് വില്ലേജ് ആഫീസറായിരുന്ന ശ്രീ. കെ. എസ്. സാബുവിനെയും തടയന്നൂർ അഡീഷണൽ തഹസീൽദാർ

ആയിരുന്ന ശ്രീമതി കൃഷ്ണകുമാരിയെയും 12.12.2013-ൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി. അവശേഷിക്കുന്ന ശ്രീ. മുഹമ്മദ് ബഷീർ, ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.), ശ്രീ. എം. പ്രസന്ന കുമാർ, റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം, ശ്രീമതി ബി. ജയശ്രീ, ജൂനിയർ സൂപ്രണ്ട് എന്നിവർക്കെതിരെ കുറ്റപത്രം കൊടുത്തിട്ടുമുണ്ട്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥൻമാർ തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള ഒരു ഉദ്യോഗസ്ഥനെയും സംരക്ഷിക്കുന്ന ഒരു നടപടിയും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ല. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇക്കാര്യത്തെക്കുറിച്ച് അന്വേഷണം നടക്കുകയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയിലുള്ള ചില കേസ്സുകളുടെ അടിസ്ഥാനത്തിൽ പരാമർശങ്ങൾ വന്നിട്ടുണ്ട്. കോടതിയുടെ നിരീക്ഷണത്തിലിരിക്കുന്ന ഒരു കാര്യമാണെങ്കിലും ഡിപ്പാർട്ടുമെന്റുകൾ വഴി ചെയ്യാൻ കഴിയുന്ന മുഴുവൻ കാര്യങ്ങളും ചെയ്യുന്നുണ്ട്. അന്വേഷണത്തെക്കുറിച്ച് ഒരു കാര്യം ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചത് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രദ്ധിച്ചുകാണുമെന്ന് കരുതുന്നു. മലയാള മനോരമ ദിനപത്രത്തിൽ ഒരു വാർത്ത വന്നപ്പോഴാണ് ഞാൻ അന്വേഷണത്തിനുവേണ്ടി ഉത്തരവിട്ടത്. ഞങ്ങളെ സഹായിക്കുന്ന ഡെപ്യൂട്ടി കളക്ടർമാരെയല്ല അന്വേഷണത്തിനു വേണ്ടി ചുമതലപ്പെടുത്തിയത്. സൗത്ത് സോണിലെ വിജിലൻസിന്റെ ചുമതലയുള്ള ഡെപ്യൂട്ടി കളക്ടറും കഴിഞ്ഞ മന്ത്രിസഭയിലെ മന്ത്രി ശ്രീ.എൻ. കെ. പ്രേമചന്ദ്രന്റെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയുമായിരുന്ന ആളിനെയാണ് ഈ ചുമതല ഏൽപ്പിച്ചത്. കാര്യങ്ങൾ പുറത്തുകൊണ്ടുവരാൻ കുറച്ചുകൂടി എളുപ്പമുള്ള ആളായിരിക്കുമെന്ന് കരുതി ഞാൻ ചെയ്തുപോയ

താണ്. അദ്ദേഹം നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെയ്ത കാര്യം കൂടി പറയാം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ഇത്രയധികം ആളുകൾ അന്വേഷണം നടത്തിയിട്ടും ഏറ്റവും കൂടുതൽ ആരോപണവിധേയനായിട്ടുള്ള സലിംരാജിനെ ഇതുവരെ ചോദ്യം ചെയ്തിട്ടുണ്ടോ? ലാൻഡ് റവന്യൂ കമ്മീഷ ണറുടെ ആഫീസിൽ ജോലി ചെയ്യുന്ന സലിം രാജിന്റെ ഭാര്യയാണ് ആരോപ ണവിധേയയായ മറ്റൊരാൾ. അവർക്കെതിരെ എന്തുകൊണ്ട് നടപടി എടുത്തില്ല?

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, ഈ പരാതിയിൽ പറയുന്ന സലിം രാജ് പോലീസ് ഉദ്യോഗസ്ഥനാണ്. .......(ബഹളം).... ഞാൻ പറയട്ടെ. പോലീസ് വിജിലൻസ് പ്രകാരം അന്വേഷണം നടത്തുവാനും കൃത്യവിലോപം കാണിച്ച ഉദ്യോഗസ്ഥരെ കണ്ടെത്തി ശിക്ഷാനടപടികൾക്ക് വിധേയമാക്കാവുന്നതു മാണെന്ന് ശ്രീ. ജയചന്ദ്രൻ നൽകിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ, പോലീസ് വിജിലൻസിന് ഫയൽ കൈമാറി അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഒന്നും മറച്ചുവയ്ക്കാനില്ലെന്നു ള്ളതുകൊണ്ടാണ് അന്വേഷണത്തിന് ഡെപ്യൂട്ടി കളക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചത്. എനിക്ക് കൃത്യമായി അറിയില്ലെങ്കിലും സിവിൽ സപ്ലൈസിൽ നിന്ന് കിട്ടിയ അറിവനുസരിച്ച് ശ്രീമതി ഷംസാദ് ബീഗം സർവ്വെ ഡയറക്ടറേറ്റിലായിരുന്നു ജോലി ചെയ്തി രുന്നത്. അവിടെ നിന്നും റവന്യൂ കമ്മീഷണറേറ്റിലേയ്ക്ക് വന്നു. റവന്യൂ കമ്മീഷണറേറ്റിലെ ഫിനാൻസിന്റെ റീ-കൺസിലിയേഷൻ വിഭാഗത്തിലാണ് ഇപ്പോൾ ശ്രീമതി ഷംസാദ് ബീഗം ജോലി ചെയ്യുന്നത്. ഈ കേസ് സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്യുന്ന മേഖലയിൽ അവർക്ക്

യാതൊരു സ്വാധീനവുമില്ല. എന്തെങ്കിലും കാടടച്ച് പറയുമ്പോൾ കുറച്ചുകൂടി കാര്യങ്ങൾ വസ്തുനിഷ്ഠമായി അറിഞ്ഞിരിക്കണമെന്നുള്ളതുകൊണ്ടാണ് പറയുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞ, ഡോ. സജിത് ബാബു എന്നയാളെ, വളരെ നന്നായും ശാസ്ത്രീയമായും ഗവേഷണം നടത്തുന്ന ഉദ്യോഗസ്ഥൻ എന്നുള്ള നിലയിൽ, 2007 മുതൽ ജോലി ചെയ്യുന്ന തിരുവനന്തപുരത്തുനിന്നും ഒരു സ്ഥലംമാറ്റം കൊടുത്തു. സ്ഥലം മാറ്റത്തിൽ അദ്ദേഹത്തിന് വേണ്ടതരത്തിലുള്ള സൗകര്യം കിട്ടിയിട്ടില്ല. എന്നാലും ഗവൺമെന്റ് എടുത്ത തീരുമാനം മാറ്റാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ലെന്നുകൂടി ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിനെ അറിയിക്കുന്നു. ************* [1](ബഹളം).........

<u>മി. സ്പീക്കർ</u> : പ്ലീസ്.. ........(ബഹളം).........അടിയന്തരപ്രമേയ ചർച്ചയാണ്. പ്ലീസ്....... അങ്ങ് ചോദിച്ചാൽ മതി....

<u>ശ്രീ. അടൂർ പ്രകാശ്</u> : അതുകൊണ്ട് ഇക്കാര്യത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് അറിയിക്കുന്നു. .......(ബഹളം)........

<u>മി. സ്പീക്കർ</u> : മൈക്ക് കൊടുത്തു. സഭയ്ക്കകത്ത് ഒച്ചയെടുത്ത് സംസാരിച്ചാലൊന്നും യന്ത്രം പ്രവർത്തിക്കില്ല. അത് ഓൺ ചെയ്യണം. .......(ബഹളം)........എഴുന്നേൽക്കുമ്പോൾ എല്ലാം മൈക്ക് കൊടുക്കേണ്ടതല്ല. അതിനൊരു സിസ്റ്റമുണ്ട്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, നടപടിക്രമം വേണമെങ്കിൽ ക്വാട്ട് ചെയ്യാം.

---

[1] സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

<u>മി. സ്പീക്കർ</u> : ഗ്യാലറിയിൽ ഇരിക്കുന്ന ആളെക്കുറിച്ച് പരാമർശിക്കുന്നത് ചട്ടവിരുദ്ധമാണ്. അതുകൊണ്ട് ശ്രീ. അടൂർ പ്രകാശ് പറഞ്ഞ ആ ഭാഗം സഭാ രേഖകളിൽ നിന്നും നീക്കം ചെയ്തിരിക്കുന്നു.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> സർ, കടകംപള്ളി വില്ലേജിലേയും കളമശ്ശേരിയിലേയും ഭൂമി ഇടപാടുകൾ സംബന്ധിച്ച് വളരെ നാളുകളായി ചർച്ച ചെയ്യുന്ന കാര്യങ്ങളാണ്. ഇത് പുതിയ സംഭവമല്ല. കടകംപള്ളിയിലെ ഭൂമി ഇടപാട്, 44.5 ഏക്കറോളം വരുന്ന സ്ഥലം തട്ടിയെടുക്കാൻ വേണ്ടി നടത്തിയെന്ന് ആരോപിക്കുന്നതാണ്. കളമശ്ശേരിയിലേത് രണ്ട് കുടുംബങ്ങളുടെ കൊടുംപക തീർക്കാൻ പരസ്പരം നടത്തുന്ന ഒരു പോരാട്ടത്തിന്റേതാണ്. അതിൽ ഒരു ഭാഗത്ത് കുടുംബത്തിന്റെ വകയാണ് സ്ഥലമെന്നും മറു ഭാഗം ഗവൺമെന്റ് വകയാണെന്നും പറയുന്നതാണ് അവിടത്തെ പ്രശ്നം. 11.11.2006-ൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തരവകുപ്പുമന്ത്രിയായിരുന്ന സമയത്താണ് 44.5 ഏക്കർ സ്ഥലം 8 പേരും റിയൽ എസ്റ്റേറ്റ് മാഫിയാ സംഘങ്ങളും ചേർന്ന് തട്ടിയെടുക്കാൻ ശ്രമിക്കുന്നുവെന്ന പരാതി വരുന്നത്. വർക്കല പോലീസ് കേസ് രജിസ്റ്റർ ചെയ്ത് ഈ തട്ടിപ്പിനെക്കുറിച്ചും രേഖകളിൽ മാറ്റം വരുത്തിയതിനെക്കുറിച്ചും വളരെ വിശദമായ അന്വേഷണം നടത്തുന്നു. ഡിവൈ.എസ്.പി. മാരെയാണ് അന്ന് അന്വേഷണത്തിന് നിയോഗിച്ചത്. ഏറ്റവും ഒടുവിൽ അന്വേഷിച്ച ഡിവൈ.എസ്.പി. ശ്രീ. രാജേന്ദ്രൻ ഈ കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കി. അദ്ദേഹത്തിന്റെ റിപ്പോർട്ട്, സിവിൽ സ്വഭാവമുള്ള കുറ്റകൃത്യമാണിതെന്നാണ്. കോടതികളിൽ പരാതി ബോധിപ്പിച്ച് വ്യവഹാരങ്ങൾ നടത്തി വസ്തുക്കളിന്മേലുള്ള ആവലാതിക്കാരുടെ ഉടമസ്ഥാവകാശം സ്ഥാപിച്ചെടുക്കേണ്ടതാണെന്ന് ബോധ്യപ്പെട്ടതി

നാൽ ഈ കേസ്സ് സിവിൽ സ്വഭാവമുള്ളതായി പരിഗണിച്ച് ഫയലിൽ നിന്ന് കുറവ് ചെയ്യുന്നതിന് 12.1.2011-ൽ കോടതിയിൽ അപേക്ഷ കൊടുക്കുകയാണ് ചെയ്തത്. 4 വർഷത്തിലധികം അന്വേഷണം നടത്തിയപ്പോൾ ഇതിൽ യാതൊരുവിധ ക്രിമിനൽ സ്വഭാവവുമില്ല എന്നാണ് പറയുന്നത്. രേഖ തിരുത്തിയാൽ ക്രിമിനൽ സ്വഭാവമല്ലേ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തരവകുപ്പുമന്ത്രി ആയിരിക്കുന്ന സമയത്താണ് 4 വർഷം അന്വേഷണം നടത്തി റിപ്പോർട്ട് കൊടുക്കുന്നത്. എന്നിട്ടാണ് അങ്ങിവിടെ ഇത്രയും പറഞ്ഞത്. അങ്ങ് സലിംരാജിനെക്കുറിച്ച് വളരെയധികം പറഞ്ഞല്ലോ. ഈ 4 വർഷത്തെ അന്വേഷണത്തിനുശേഷം ഇപ്പോൾ കൊടുക്കുന്ന റിപ്പോർട്ടിലും കക്ഷികൾ കൊടുത്ത പരാതിയിലും സലിം രാജിന്റെ പേരില്ല. ഈ നടപടികളെല്ലാം അങ്ങയുടെ കാലത്ത് നടത്തിയിട്ടുള്ളതാണ്. ഈ മാറ്റത്തെ വെള്ളപൂശി റിപ്പോർട്ടും കൊടുത്ത് കേസ്സും അവസാനിപ്പിച്ചതിനുശേഷം ........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സിവിൽ കേസ് സിവിൽ കേസായിട്ട് തന്നെയാണ് കൈകാര്യം ചെയ്യുന്നത്. അങ്ങ് പലപ്പോഴും ആഭ്യന്തരവകുപ്പ് കൈകാര്യം ചെയ്ത ആളാണല്ലോ. ഇടതുപക്ഷ മുന്നണിയുടെ കാലത്താണ് അന്നുണ്ടായിരുന്ന കൃത്രിമ തണ്ടപ്പേര് റദ്ദു ചെയ്തത്. അന്നത്തെ ഐ.എ.എസ്. ഉദ്യോഗസ്ഥനായിരുന്ന ശ്രീ. ബൈജു ഇടപെട്ട് ഇതുമുഴുവൻ റദ്ദാക്കി. ആ റവന്യൂ ഉദ്യോഗസ്ഥന്മാർക്കെതിരായി നടപടി എടുത്തു. അന്ന് സിവിൽ അടിസ്ഥാനത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതുപോലൊരു നടപടി എന്തുകൊണ്ടാണ് നിങ്ങൾ ഇപ്പോൾ സ്വീകരിക്കാത്തത്?

<u>ശ്രീ. ഉമ്മൻചാണ്ടി</u>: സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, ഡോ. ശ്രീവർദ്ധൻ 11–11–2006–ൽ വർക്കല സിവിൽ സ്റ്റേഷനിൽ കൊടുക്കുന്നത് സിവിൽ കേസ്സല്ല. അവിടെ കൊടുത്ത കേസ് u/s 419, 465, 468 and 34 IPC ആണ്. അവിടെ ക്രിമിനൽ അടിസ്ഥാനത്തിൽ കേസ്സെടുക്കണമെന്ന് പറഞ്ഞാണ് കൊടുക്കുന്നത്. ആ കേസ്സാണ് അന്വേഷിച്ചിട്ട് പറയുന്നത് ഇത് സിവിൽ സ്വഭാവമുള്ള കേസ്സാണ് എന്ന്. അതുകൊണ്ട് ഇതു കോടതി തീർപ്പാക്കി രണ്ടു കക്ഷികളും തമ്മിൽ കോടതിയിൽ സിവിൽ കേസ്സായിട്ട് നടത്തണം. അതാണ് ഒന്നാമത്തെ കാര്യം. രണ്ടാമത്തെ കാര്യം അങ്ങ് ഇവിടെ വളരെയേറെ പ്രാവശ്യം പറഞ്ഞ സലീം രാജ് എന്താണ് അങ്ങ് അന്വേഷിച്ചപ്പോൾ കേസ്സിൽ പ്രതിയാകാതിരുന്നത്; അന്ന് എന്താണ് സലീം രാജിന്റെ പേര് അതിനകത്ത് വരാതിരുന്നത്?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, സലീം രാജിന്റെ പേര് അന്ന് വന്നില്ല. ഈ ഗവൺമെന്റ് വന്നപ്പോൾ വരുന്നു. അന്ന് സലീം രാജല്ല രംഗത്ത്. അന്ന് രംഗത്ത് വേറെയാളുകളാണ്. ആ വേറെയാളുകൾ നടത്തിയിരുന്നിടത്ത് മുഖ്യമന്ത്രിയുടെ ഗൺമാനായി ഇദ്ദേഹം വന്നതോടുകൂടി മുഖ്യമന്ത്രിയുടെ ഓഫീസ് ഉപയോഗിച്ചുകൊണ്ട് ഇദ്ദേഹം രംഗത്തുവന്നു. അതാണ് ഞങ്ങളുടെ പ്രശ്നം. അന്ന് ഗൺമാന് റോളില്ല. അന്നും ഇദ്ദേഹമായിരുന്നു പ്രതിപക്ഷനേതാവായിരുന്ന അങ്ങയുടെ ഗൺമാൻ. അന്ന് അദ്ദേഹം മുഖ്യമന്ത്രിയായിരുന്ന ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ ഓഫീസിൽ അല്ലായിരുന്നു. ഇന്ന് മുഖ്യമന്ത്രിയുടെ ഓഫീസിൽ കടന്നുകൂടിയപ്പോൾ അന്ന് തട്ടിപ്പ് നടത്താൻ പറ്റാത്ത ആളുടെ കൂട്ടുചേർന്ന് ഇന്ന് ഈ തട്ടിപ്പിന് കൂട്ടുനിന്നു.

<u>ശ്രീ. ഉമ്മൻചാണ്ടി</u>: സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, ഈ പറയുന്നത് ലോകം മുഴുവൻ കണ്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ അല്ല രേഖ തിരുത്തിയത്. രേഖ തിരുത്തിയത് 2006-ലാണ്. 11-11-2006-ലാണ് ആദ്യമായി ഇതു സംബന്ധിച്ചുള്ള പരാതി വർക്കല പോലീസ് സ്റ്റേഷനിൽ കിട്ടുന്നത്. അന്ന് ഇതൊന്നുമില്ല. ഇവിടെ ഇപ്രാവശ്യം അങ്ങുപറഞ്ഞതു പോലെ സുതാര്യകേരളത്തിൽ കൂടിയാണ് എനിക്ക് ഈ പരാതി കിട്ടുന്നത്. സുതാര്യകേരളത്തിൽ ഈ പരാതി കിട്ടിയപ്പോൾത്തന്നെ ഞാൻ കർശനമായി ട്ടുള്ള നിർദ്ദേശം ജില്ലാ കളക്ടർക്ക് നേരിട്ട് കൊടുത്തു. അതിന്മേലുള്ള നടപടി കൾ ജില്ലാ കളക്ടർ സ്വീകരിച്ചു. ഇപ്പോൾ വിജിലൻസ് അന്വേഷിച്ചു. വിജിലൻസ് അതിന്റെ എല്ലാവശങ്ങളും പരിശോധിച്ച് അത് സംബന്ധിച്ചുള്ള റിപ്പോർട്ട് കോടതിയിൽ കൊടുത്തിരിക്കുകയാണ്. കോടതി അത് സംബന്ധിച്ച തീരുമാനമെടുക്കും. ഒരു കാര്യം ഞാൻ വ്യക്തമാക്കാം കുറ്റം ചെയ്തവർ ആരായിരുന്നാലും അവർ നിയമത്തിന്റെ മുന്നിൽ വരും. അതിന് യാതൊരു സംശയം വേണ്ട.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, സലീം രാജിന്റെ ടെലഫോൺ കോൾ ഡീറ്റെയിൽസ് പിടിച്ചെടുക്കണം എന്ന് സിംഗിൾ ബഞ്ച് പറഞ്ഞ പ്പോൾ അത് അനുവദിക്കാൻ പാടില്ല എന്നുപറഞ്ഞുകൊണ്ട് ഡിവിഷൻ ബഞ്ചിനെ സമീപിച്ചത് എന്തുകൊണ്ടായിരുന്നു. എല്ലാം സുതാര്യമായി നടക്കട്ടെ എങ്കിൽ അത് പുറത്തു വന്നുകൂടേ?

<u>ശ്രീ. ഉമ്മൻചാണ്ടി</u>: സർ, ഡി.ജി.പി.യ്ക്കായിരുന്നു ആ നിർദ്ദേശം. ഡി.ജി.പി.യ്ക്ക് ആ നിർദ്ദേശം വന്ന സാഹചര്യത്തിൽ ഡി.ജി.പി.യെ സംബന്ധിച്ചി ടത്തോളം മറ്റുള്ള കേസ്സുകൾക്കും ഇതേ രീതിയിലുള്ള പ്രശ്നങ്ങൾ വരും

എന്നതിന്റെ പേരിൽ.....(ബഹളം)....ഡി.ജി.പി.യ്ക്കുവേണ്ടിയാണ് അഡ്വക്കേറ്റ് ജനറൽ ഹാജരായത്. അല്ലാതെ സ്വകാര്യ വ്യക്തികൾക്കുവേണ്ടിയല്ല ഹാജരായിട്ടുള്ളത്. അതിനെക്കുറിച്ച് പത്രത്തിൽ കണ്ടയുടൻ തന്നെ അഡ്വക്കേറ്റ് ജനറലിനെ വിളിച്ചു ചോദിച്ചിരുന്നു. ഡി.ജി.പി. ക്കുവേണ്ടിയായിരുന്നു അദ്ദേഹം ഹാജരായിരുന്നത്. ഇക്കാര്യത്തിൽ അങ്ങ് ഒരു ക്രിമിനൽ കേസ്സിനുവേണ്ടി പെറ്റീഷൻ കൊടുത്ത് രേഖയിൽ മാറ്റം വരുത്തി നികുതി അടച്ചുകൊണ്ടിരുന്നത് അടയ്ക്കേണ്ട എന്ന തീരുമാനം വരുത്തി എന്നൊക്കെ അങ്ങ് പറഞ്ഞത്, അങ്ങയുടെ കാലത്ത് ആ പറഞ്ഞതൊക്കെ സിവിൽ നേച്ചറാണ് എന്നുപറഞ്ഞ് കേസ് എഴുതിതള്ളിയിട്ട് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അങ്ങേയ്ക്കല്ലാതെ ഈ സഭയിൽ വന്ന് ഇതുപോലെ പറയാൻ വേറെ ആർക്കു സാധിക്കും?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കരുത്. അങ്ങ് ആളെ തെറ്റിദ്ധരിപ്പിക്കാൻ ഏറ്റവും സമർത്ഥനാണ്. 2012 വരെ ഇടതുപക്ഷമുന്നണി ഗവൺമെന്റ് ഉള്ളതുവരെ എല്ലാ വ്യക്തികളുടെയും കരം ആ ഓഫീസിൽ എടുത്തിട്ടുണ്ടല്ലോ; 2013-ൽ നിങ്ങൾ വന്നതിനുശേഷം എന്തുകൊണ്ടാണ് കരമെടുക്കൽ നിന്നത്; അതിനാണ് നിങ്ങൾ ഉത്തരം പറയേണ്ടത്. ഇപ്പോൾ ആ ഭൂമിയുടെ കരം അവിടെ സ്വീകരിക്കുന്നില്ല. ഇപ്പോൾ നിങ്ങളുടെ ഭൂമിയല്ല എന്നു പറയുന്നു. ഈ പറയുന്ന കാലത്തൊക്കെ കൈവശ സർട്ടിഫിക്കറ്റ് പ്രകാരം കരം എടുത്തിട്ടുണ്ടല്ലോ; അത് ആരു നിഷേധിച്ചു. അത് സുതാര്യകേരളത്തിൽ പറഞ്ഞിട്ടും അങ്ങ് ഇടപെട്ട് എന്തുകൊണ്ട് തിരുത്തിയില്ല. ഈ കരം സ്വീകരിക്കണം എന്നുപറഞ്ഞുകൊണ്ട് എന്തുകൊണ്ട് നിർദ്ദേശം

കൊടുത്തില്ല? അതാണ് അങ്ങയെ സംശയിക്കുന്ന സ്ഥിതി ഉണ്ടായിരിക്കുന്നത്.

ശ്രീ. ഉമ്മൻചാണ്ടി: സർ, ഞാൻ അത് പറഞ്ഞിട്ടുണ്ട്. സുതാര്യകേരളത്തിൽ വ്യക്തമായ നിർദ്ദേശം കളക്ടർക്ക് കൊടുത്തിട്ടുണ്ട്. കളക്ടർ അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ വിജിലൻസ് അന്വേഷണത്തിന്റെ റിപ്പോർട്ടും പൂർത്തിയാക്കിക്കൊടുത്തിട്ടുണ്ട്. അതിനകത്ത് തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ ഒരാളെയും സംരക്ഷിക്കില്ല. പക്ഷേ...(ബഹളം) ഒരാത്മാർത്ഥതയും ഒരു നീതിബോധവുമില്ലാതെ എല്ലാം ചെയ്തിട്ട് പിന്നെ ഇവിടെ വന്ന് കുറ്റം പറഞ്ഞാൽ അതിന്റെ പേരിൽ ഈ ഗവൺമെന്റിനെ പ്രതിക്കൂട്ടിലാക്കാം എന്നു ധരിക്കേണ്ടതില്ല. കളമശ്ശേരി ....(ബഹളം)....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇന്നുതന്നെ ഈ കൈവശമുള്ള ആളുകളുടെ പേരിലുള്ള ഭൂമിക്ക് കരമടയ്ക്കാൻ ഗവൺമെന്റിന് നിർദ്ദേശം കൊടുക്കുമോ?

ശ്രീ. ഉമ്മൻചാണ്ടി: സർ, അതെല്ലാം കോടതി തീരുമാനിക്കും. കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതാണ്. കോടതിയിൽ റിപ്പോർട്ട് കൊടുത്തിരിക്കുകയാണ്. അങ്ങേയ്ക്ക് അതുപറയാൻ പോലും നാണം ഇല്ലായിരുന്നല്ലോ. കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന കേസ്... കോടതിയിൽ റിപ്പോർട്ട് കൊടുത്തിരിക്കുന്ന സാഹചര്യത്തിൽ എങ്ങനെ ഈ ഗവൺമെന്റിന് നിർദ്ദേശം കൊടുക്കാൻ സാധിക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അന്ന് അങ്ങ് ഈ പ്രശ്നം നടക്കുന്ന കാലത്ത് ഈ *************[2] അന്നൊരു പരാതി അങ്ങ് പറ

[2], 3 സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

ഞ്ഞിരുന്നെങ്കിൽ അന്ന് നടപടി എടുക്കുമായിരുന്നില്ലേ. അങ്ങ് ഇതിനു മുഴുവൻ സംരക്ഷണം കൊടുക്കാൻ ആയിരുന്നോ അന്ന് അനങ്ങാതെ ഇരുന്നത്.

ശ്രീ. ഉമ്മൻചാണ്ടി: ബഹുമാനപ്പെട്ട കോടിയേരി, വീണിടത്ത് കിടന്നുരുണ്ടിട്ട് ഒരു കാര്യവുമില്ല.

മി. സ്പീക്കർ: പ്ലീസ്...പ്ലീസ് എനിക്കറിയാം. ഞാൻ പറഞ്ഞോളാം. പരിശോധിക്കാം. ഇവിടെ **********[3] എന്നു പറഞ്ഞത് നമ്മുടെ സഭാരേഖകളിൽ ഉണ്ടാകില്ല. അങ്ങ് വൈൻഡ് അപ്പ് ചെയ്യൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മുഖ്യമന്ത്രി ഇങ്ങോട്ട് ഉപയോഗിച്ച വാക്കുകൾ മാത്രമാണ് ഞാൻ ഉപയോഗിച്ചത്.

ശ്രീ. ഉമ്മൻചാണ്ടി: പറഞ്ഞില്ല....ഞാൻ പറഞ്ഞിട്ടില്ല..

മി. സ്പീക്കർ: യെസ്.....യെസ്...

ശ്രീ. ഉമ്മൻചാണ്ടി: ഞാൻ പറഞ്ഞിട്ടില്ല.

മി. സ്പീക്കർ: എങ്കിൽ ഒരു കാര്യം ചെയ്യാം. പ്ലീസ്...പ്ലീസ്... നിങ്ങൾ ഇങ്ങനെ സംസാരിച്ചാൽ....... ...(ബഹളം) തീർച്ചയായിട്ടും അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ പരിശോധിക്കാം. പരിശോധിച്ചാൽ അതൊന്നും രേഖയിൽ ഉണ്ടാവില്ല. (ബഹളം)

ശ്രീ. ഉമ്മൻചാണ്ടി: ഞാൻ അങ്ങനെയൊരു പദപ്രയോഗം നടത്തിയിട്ടില്ല. അത് പരിശോധിക്കണം. പരിശോധിച്ചിട്ട് അതിന്റെ വിവരം സഭയെ അറിയിക്കുകയും ചെയ്യണം. ഞാൻ ആ പദം ഉപയോഗിച്ചിട്ടുണ്ടെങ്കിൽ പരസ്യമായിട്ട് ക്ഷമാപണം ചെയ്യാൻ തയ്യാറാണ്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃ

ഷ്ണൻ അങ്ങയുടെ മാനസിക സ്ഥിതി എനിക്കറിയാം. ഞാൻ ഈ വിവരങ്ങൾ വെളിപ്പെടുത്തുന്ന അവസരത്തിൽ.......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, എന്റെ മാനസികസ്ഥിതി ഇന്നുതന്നെ ഡോക്ടറെക്കൊണ്ട് പരിശോധിപ്പിക്കണം. അങ്ങേയ്ക്ക് എന്റെ മാനസിക സ്ഥിതി എന്താണെന്ന് അറിയണമെങ്കിൽ ഇപ്പോൾ തന്നെ ഡോക്ടറെക്കൊണ്ട് പരിശോധിപ്പിക്കണം. ഇവിടെ അങ്ങേയ്ക്കെതിരായിട്ട് ഗുരുതരമായ ഒരു ആരോപണം ഉന്നയിക്കുമ്പോൾ വ്യക്തിപരമായി ഇങ്ങനെ പരാമർശിക്കുകയല്ല വേണ്ടത്. അങ്ങ് അങ്ങേയറ്റം പ്രകോപിതനാണ്. അങ്ങയുടെ ഗൺമാനെതിരായി ഒരു പരാതി വന്നപ്പോൾ അങ്ങ് എന്തിനാണ് ഉറഞ്ഞുതുള്ളുന്നത്. (.........ബഹളം.......) അതാണ് ഇവിടത്തെ പ്രശ്നം. അങ്ങ് ചെന്ന് വഴിവിട്ടു സഹായിക്കുകയല്ലേ ചെയ്തത്. ഗൺമാനെതിരായി ഇവിടെ പറഞ്ഞുകൂടാ, കോടതിയിൽ പറഞ്ഞുകൂടാ അതിന്റെ ഭാഗമാണ് ഇവിടെ... ഉറഞ്ഞുതുള്ളുകയാണ് ഇവിടെ...

മി. സ്പീക്കർ: ...(ബഹളം)...... പ്ലീസ്...പീസ്..

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വ്യക്തിപരമായ അസഹിഷ്ണുത പാടില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അങ്ങ് പറഞ്ഞ കാര്യങ്ങൾക്ക് കടകവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞതിന് അങ്ങേയ്ക്ക് മറുപടി പറയാനില്ലാതെ വന്നപ്പോൾ ഉപയോഗിച്ച പദപ്രയോഗം എന്ന നിലയിൽ എനിക്കൊരു പരാതിയുമില്ല എന്നു പറയാനാണ് ഞാൻ ഉദ്ദേശിച്ചത്. അങ്ങയുടെ കാലത്താണ് ഇക്കാര്യങ്ങൾ തുടർച്ചയായി ആവർത്തിക്കപ്പെട്ടതെന്ന് ഞാൻ മനസ്സിലാക്കുന്നു. കളമശ്ശേരിയിലെ സ്ഥലത്തെ സംബന്ധിച്ചിടത്തോളം അത് ഭൂമി തട്ടിയെടുക്കു

ന്നതിനുള്ള ശ്രമമല്ല, രണ്ട് കുടുംബങ്ങൾ തമ്മിലുള്ള പകപോക്കലാണ്. അതിൽ ഒരു വിഭാഗം ആളുകൾ 1.16 ഏക്കർ സ്ഥലം അവരുടെ കൈവശമുള്ളതും അവർക്ക് അവകാശപ്പെട്ടതുമാണെന്ന് പറയുന്നു. മറുവിഭാഗം ഇത് ഗവൺമെന്റിന്റെ ഭൂമിയാണ്, അല്ലാതെ അവർക്ക് തട്ടിയെടുക്കാനുള്ളതല്ലായെന്ന് പറയുന്നു. ഗവൺമെന്റിന്റെ ഭൂമിയാണെങ്കിലും നിയമപ്രകാരംമാത്രമേ നമുക്ക് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. ആ വ്യക്തി പറയുന്നതാണ് ശരിയെങ്കിൽ ആ വ്യക്തിക്കാണ് ലഭിക്കേണ്ടത്, ഈ സലിംരാജും മറ്റൊരു വിഭാഗവും ഇത് ഗവൺമെന്റിന്റെ ഭൂമിയാണ് എന്നുപറയുന്നുവെന്ന് പറഞ്ഞാണ് ഇവിടത്തെ പ്രശ്നം വന്നിരിക്കുന്നത്. ഈ രണ്ട് കാര്യത്തിലും നിയമപരമായ നടപടികൾതന്നെയായിരിക്കും ഉണ്ടാകുന്നത്. ഇത് കേരളത്തിലാണോ നടക്കുന്നതെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണന് സംശയം തോന്നി. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, ഇത് കേരളത്തിൽത്തന്നെയാണ്, കേരളത്തിൽ ഈ ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ നടക്കേണ്ടത് മാത്രമേ നടക്കുകയുള്ളൂ എന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ: ഗവൺമെന്റിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, മുഖ്യമന്ത്രിയുടെ ഗൺമാനായിരുന്ന സലിം രാജിന്റെ ഭൂമിത്തട്ടിപ്പ് കേസിൽ ഇയാളെ സംരക്ഷിക്കുന്നത് മുഖ്യമന്ത്രിയും ഈ ഗവൺമെന്റുമാണെന്ന് എത്ര തവണയാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിട്ടുള്ളത്. എന്നിട്ടുമെന്താണ്

നമ്മുടെ മുഖ്യമന്ത്രി ഇതുസംബന്ധിച്ച് ഒരക്ഷരംപോലും ഉരിയാടാത്തത്? മുഖ്യമന്ത്രിയുടെ സംരക്ഷണയിലല്ലേ ഇയാൾ സകല തട്ടിപ്പുകളും നടത്തുന്നത്? എന്തിനാണ് പോലീസുകാരൻ മാത്രമായ സലിം രാജിനെ മുഖ്യമന്ത്രി ഇങ്ങനെ വഴിവിട്ട് സഹായിക്കുന്നത്? ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജി ഹാറൂൺ–അൽ– റഷീദ് ചോദിച്ചത് അങ്ങ് ഓർക്കുന്നില്ലേ? വെറും പോലീസുകാരനായ സലിം രാജിനെ ഡി.ജി.പി.ക്ക് ഭയമാണോ; എന്താണ് കോടതി ഇങ്ങനെ ചോദിച്ചത്? മുഖ്യമന്ത്രിയുടെ സ്വന്തക്കാരനല്ലെങ്കിൽ ഒരു പോലീസുകാരനെ ഒരു ഡി.ജി.പി.ക്കും ഭയമുണ്ടാകില്ല. ബഹു. ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് സലിം രാജിന്റെ ഫോൺ കോൾ വിവരം ഹാജരാക്കണമെന്നുപറഞ്ഞപ്പോൾ രണ്ടു മണിക്കൂറിനുള്ളിൽത്തന്നെ ഡിവിഷൻ ബഞ്ചിനെ സമീപിച്ച് സിംഗിൾ ബഞ്ച് ഉത്തരവിനെ സ്റ്റേചെയ്യിച്ചത് എന്തിനാണ്? അതിനായി എ.ജി.യെത്തന്നെ മുഖ്യമന്ത്രി ഡിവിഷൻ ബഞ്ചിന് മുമ്പിലേയ്ക്ക് അയച്ചത് എന്തിനാണ്; തട്ടിപ്പുകേസിൽ ഉൾപ്പെട്ട സലിം രാജിന്റെ ഫോൺ കോൾ വിവരം പുറത്തുവരാൻ പാടില്ലെന്ന് മുഖ്യമന്ത്രി എന്തിനാണ് ഇങ്ങനെ വാശിപിടിക്കുന്നത്? എന്തിനാണ് ഈ മുഖ്യമന്ത്രി സലിം രാജിനെ വഴിവിട്ട് സഹായിക്കുന്നത്? മുഖ്യമന്ത്രി ഈ സഭയിലെങ്കിലും ഇതു സംബന്ധിച്ച് തുറന്നുപറയണം. എത്രയോ സാധാരണ മനുഷ്യർ ജീവിതകാലം മുഴുവൻ അദ്ധ്വാനിച്ചുണ്ടാക്കിയ ഭൂമിയാണ് സലിം രാജ് തിരിമറി നടത്തിയിട്ടുള്ളത്. അത്തരത്തിൽ ഒരാളെ എന്തിനാണ് മുഖ്യമന്ത്രി സംരക്ഷിക്കുന്നത്? ഇത് നമുക്കാകെ നാണക്കേടല്ലേ? കേരളത്തെ മുഴുവൻ ഞെട്ടിപ്പിക്കുകയും നാണംകെടുത്തുകയും ചെയ്ത തട്ടിപ്പു കേസല്ലേ ഇത്? ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടത് നമ്മുടെയെല്ലാം ബാദ്ധ്യതയല്ലേ? അത് ചെയ്യാൻ തയ്യാറാകാത്ത സർക്കാരിന്റെ ജനവിരുദ്ധമായ നടപടിയെയും ഇതിനെ ന്യായീകരിക്കാൻ മുഖ്യമന്ത്രി

പെടുന്ന പാടിനെയും എന്റെ കക്ഷി അംഗീകരിക്കുന്നില്ല, അതിനെ ഞാൻ ശക്തിയായി പ്രതിഷേധിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഞാനും എന്റെ കക്ഷികളും വാക്കൗട്ട് ചെയ്യുന്നു.

(ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. സി. ദിവാകരൻ: സർ, കടകംപള്ളി ഭൂമി തട്ടിപ്പിനെ സംബന്ധിച്ചാണ് ഞങ്ങൾ ഒരു അടിയന്തരപ്രമേയം ഇവിടെ അവതരിപ്പിച്ചത്. ഈ വിഷയത്തിൽ ഗവൺമെന്റിന് സംശയാതീതമായ പങ്കുണ്ടെന്ന് വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും പറഞ്ഞപ്പോൾ തെളിഞ്ഞിരിക്കുകയാണ്. എന്തെല്ലാം ബഹളം വച്ചാലും ശരി, ആ ഭൂമിത്തട്ടിപ്പ് കേരളത്തിൽ നടന്നുവെന്നുള്ളത് കോടതി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കോടതിയുടെ പരിഗണനയിലാണെന്നെങ്കിലും റവന്യൂവകുപ്പുമന്ത്രിക്ക് സമ്മതിക്കാമല്ലോ. വളരെ വിവാദപരമായ ഭൂമിത്തട്ടിപ്പിന്റെ വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ വിധി പ്രഖ്യാപിക്കാൻ നിങ്ങളെക്കൊണ്ട് സാദ്ധ്യമല്ല. ഈ വിഷയമാണ് ജനാധിപത്യ സമ്പ്രദായത്തിലെ നിയമസഭയിൽ പ്രതിപക്ഷം ഉന്നയിച്ചത്. അതിന് സമനില തെറ്റിയുള്ള താങ്കളുടെ മറുപടി, ഞാൻ റവന്യൂ വകുപ്പുമന്ത്രികൂടി അറിയുവാൻവേണ്ടി പറയുകയാണ്, പ്രതിപക്ഷത്തുനിന്ന് ഉന്നയിക്കുന്ന വിഷയങ്ങളും അടിയന്തര പ്രമേയങ്ങളുമെല്ലാം ക്ഷമയോടുകൂടി സമനിലതെറ്റാതെ കേൾക്കണം. നിങ്ങൾക്ക് പറയാനുള്ള മറുപടി പറഞ്ഞാൽ ഞങ്ങൾ ശാന്തരായി കേൾക്കാം. അതിനു പകരം വളരെ നിർഭാഗ്യകരമായ സമീപനങ്ങളാണ് ഉണ്ടായത്. അത് ആവർത്തിക്കാൻ പാടില്ല. അങ്ങോട്ടുമിങ്ങോട്ടും ആക്ഷേപിക്കുകയാണ്.

പ്രതിപക്ഷത്തെ ആദ്യം കടന്നാക്രമിക്കുകയാണ് ചെയ്യുന്നത്, ഞങ്ങളെന്ത് തെറ്റാണ് ചെയ്തത്? കടകംപള്ളി ഭൂമിത്തട്ടിപ്പ് ഈ രാജ്യത്തുള്ള മുഴുവൻ ആളുകൾക്കുമറിയാം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഇതൊരു വസ്തുതയാണ്. അതിലങ്ങേയ്ക്ക് പങ്കുണ്ടോ ഇല്ലയോയെന്നുള്ളത്, ഞങ്ങൾ ഉന്നയിക്കുന്നു, പങ്കുണ്ടോ ഇല്ലയോയെന്നുള്ളത് പരിശോധിക്കണം. അത് അങ്ങ് സ്വാഗതം ചെയ്യണം. സാധാരണ അങ്ങ് സ്വാഗതം ചെയ്യാറുണ്ട്. കഴിഞ്ഞ കുറച്ചു നാളു കളായി അങ്ങ് തെറ്റ് ചെയ്തവരെ സംരക്ഷിക്കുകയില്ലെന്ന ഒരു പല്ലവി ഇവിടെ പറയുന്നു. പക്ഷേ അങ്ങയുടെ കൂടെനിന്ന ആളുകളാണ് ഇപ്പോൾ ജയിലിൽ കിടക്കുന്നത്. ഞങ്ങളാരും കൊണ്ടുവന്നതല്ല. അങ്ങയുടെ പേഴ്സ ണൽ സെക്യൂരിറ്റിക്കാരന്റെ പ്രശ്നമാണ് ഈ സഭ ചർച്ച ചെയ്യുന്നത്. പ്രതി പക്ഷ നേതാവായിരുന്നപ്പോഴും മുഖ്യമന്ത്രിയായിരിക്കുമ്പോഴും അങ്ങയുടെ നിഴലായി നടന്ന ഒരു പോലീസുകാരൻ ചെയ്യാൻ പാടില്ലാത്ത ചില കാര്യ ങ്ങൾ ചെയ്തുവെന്ന ജനങ്ങൾക്കിടയിലെ സംശയം മാധ്യമങ്ങൾ വെളിച്ചത്തു കൊണ്ടുവന്നു, തെളിവുകൾ ഹാജരാക്കി, ഹൈക്കോടതി ഇടപ്പെട്ടു, ഒന്നിലധികം തവണ ഹൈക്കോടതിയുടെ കമന്റുകളും നിരീക്ഷണങ്ങളും വന്നു. ഹൈക്കോടതി ജഡ്ജിമാരെക്കുറിച്ച് നിങ്ങൾക്കൊരു പരാതിയുമില്ല. ഇവിടെ ഭരിക്കുന്നത് സലിംരാജെന്ന പോലീസുകാരനാണോ, ഇത് തമിഴ്നാടാ ണോ; ഇയാൾക്ക് ഈ സമ്പത്തുമുഴുവൻ എവിടെ നിന്നുകിട്ടി, ഇതെല്ലാം ചോദിച്ചത് പ്രതിപക്ഷമാണോ; ഹൈക്കോടതിയല്ലേ? ഞങ്ങളത് നിങ്ങളുടെ മുമ്പിലിവിടെ നിയമസഭയിൽ ഉത്തരവാദിത്വത്തോടുകൂടി അവതരിപ്പിക്കുന്നു. സലിം രാജിനെക്കുറിച്ചുള്ള എല്ലാ കേസ്സുകളും വിജിലൻസിന് കൈമാറി യെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറഞ്ഞു. ആരുടെ കേസ്സാണ്?

കേരളത്തിലെ മുഖ്യമന്ത്രിയുടെ പേഴ്സണൽ സെക്യൂരിറ്റി നടത്തിയ ക്രിമിനൽ സ്വഭാവമുള്ള കേസുകൾ നിങ്ങളുടെ പോലിസ് തന്നെ പരിശോധിക്കുകയല്ലേ? ശ്രീ. സലീം രാജ് ചെയ്ത അനാവശ്യങ്ങളെക്കുറിച്ച് പോലീസിന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് റവന്യൂ വകുപ്പുമന്ത്രി ഇവിടെ പറയുന്നു. റിപ്പോർട്ട് ചെയ്തത് നല്ലകാര്യം. അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. സാധരണ വകുപ്പുകളിൽ ക്രിമിനൽ സ്വഭാവമുള്ളവരുണ്ടെങ്കിൽ പോലീസിന് റിപ്പോർട്ട് ചെയ്യണം. ഞാനും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അയാളുടെ ഭാര്യയെയല്ലേ നിങ്ങൾ റവന്യൂ കമ്മീഷണറേറ്റിലേയ്ക്ക് സ്ഥലം മാറ്റിയത്. നിങ്ങൾ പറഞ്ഞു ഫിനാൻസിലാണ് മാറ്റിയതെന്ന്. അത് രണ്ടും ഒരാഫീസണല്ലോ. എന്തിനാണ് സ്ഥലമാറ്റാൻ ഇത്ര തിടുക്കം കാണിച്ചത്? ഒരു പോലീസുകാരന് മുഖ്യമന്ത്രിയുടെ സ്വാധീനമുണ്ടെങ്കിൽ അയാളുടെ ഭാര്യക്ക് എല്ലാ നോംസും ലംഘിച്ച് വളരെവേഗം ട്രാൻസ്ഫർ കിട്ടും. അങ്ങനെ ചെയ്യാമോ? റവന്യൂ കമ്മീഷണർ ശ്രീ. കമലവർദ്ധന റാവു എവിടെ? അദ്ദേഹം മിസ്സിംഗ ാണ്. അദ്ദേഹം ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ; അതിനെക്കുറിച്ച് ഗവൺമെന്റ് അന്വേഷിച്ചോ; നിങ്ങളുടെ കൂടെ ജോലി ചെയ്ത ഒരാളല്ലേ? പലതും ചോദ്യം ചെയ്യേണ്ടതുണ്ട്.

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ, വളരെ ഗുരുതരമായ ഒരു കാര്യമാണ് അങ്ങ് പറയുന്നത്. ഇങ്ങനെയൊന്നും പറയരുത്.

ശ്രീ. സി. ദിവാകരൻ: സർ, അദ്ദേഹത്തെ കാണാനില്ല.

മി. സ്പീക്കർ: അദ്ദേഹം അവധി എടുത്ത് നാട്ടിലെങ്ങാനും പോയിരിക്കും.

ശ്രീ. സി. ദിവാകരൻ: സർ, അദ്ദേഹം അവധിയെടുത്തതല്ല, രാജിവച്ചു എന്നാണ് പറയുന്നത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, അവധി യെടുത്തുപോയി എന്നാണ് ഞാൻ പറഞ്ഞത് (മൈക്ക് ഓഫ്)

ശ്രീ. സി. ദിവാകരൻ: സർ, രാജിവച്ചു എന്നാണ് അങ്ങ് ആദ്യം പറഞ്ഞത്. അവധിയെടുത്തു പോയിയെങ്കിൽ സന്തോഷം. അമ്മയെ ശുശ്രൂ ഷിക്കാനെന്ന് പറഞ്ഞിട്ടുപോലും അദ്ദേഹത്തിന് അവധി അനുവദിച്ചില്ലെന്ന് അങ്ങ് തന്നെയാണ് പറഞ്ഞത്. ഇപ്പോൾ പറയുന്നു അദ്ദേഹം അമ്മയെ ശുശ്രൂ ഷിക്കാൻ വേണ്ടി അവധിയെടുത്തുവെന്ന്. ഏതായാലും ഞാൻ തർക്കത്തി നില്ല. സിംഗിൾ ബഞ്ചിന്റെ ഉത്തരവ് എന്താണ്? ശ്രീ. സലീം രാജിന്റെ ടെലിഫോൺകോളുകൾ പിടിച്ചെടുക്കണമെന്ന് പറഞ്ഞ സിംഗിൾ ബഞ്ചിനെ തിരെ അപ്പീൽ പോയത് എന്തിനുവേണ്ടിയാണ്? എന്താണ് അതിന് മറുപടി പറയാത്തത്. അയാൾ ഫോണിൽ ആരെയാണ് വിളിച്ചതെന്ന് ജനം അറിയട്ടെ. സംശയാസ്പദമായ രീതിയിൽ ഒരു പോലീസുകാരന്റെ ടെലിഫോൺകോൾ പിടിച്ചെടുക്കാൻ കോടതിയുടെ സിംഗിൾ ബഞ്ച് ഉത്തരവിട്ടപ്പോൾ അതിനെ തിരെ സ്റ്റേ പോയി. അതാണ് ഇവിടത്തെ കേസ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇത് നേരത്തെ സഭയിൽ ചർച്ചചെയ്തതാണ്. ഡി.ജി.പി.യും ഹോം സെക്രട്ടറിയും അടിയന്ത രമായി സലീം രാജിന്റെ ഫോൺകോൾ പിടിച്ചെടുത്തുകൊടുക്കണമെന്ന് കോടതി പറഞ്ഞു. ആ ഉത്തരവിനകത്ത് ഒരു ക്ലാരിറ്റിയില്ല. കാരണം ആരുടെ കയ്യിൽനിന്നും പിടിച്ചെടുക്കണം, എന്നുകൊടുക്കണം എന്നൊന്നും പറഞ്ഞി ട്ടില്ല. അപ്പോൾ അതിനൊരു ക്ലാരിറ്റി വരുന്നതിനുവേണ്ടി അഡ്വക്കേറ്റ് ജനറൽ ഡി.ജി.പി.ക്കുവേണ്ടി ഹാജരായി. ഡി.ജി.പി.ക്കുവേണ്ടി അഡ്വക്കേറ്റ് ജനറല ല്ലാതെ മാറ്റാരാണ് ഹാജരാകേണ്ടത്? പോലീസിന്റെ ഇൻസ്ട്രക്ഷൻ അനുസ

രിച്ചാണ് അദ്ദേഹം ഹാജരായത്. അഡ്വക്കേറ്റ് ജനറലിനല്ലാതെ മറ്റൊരാൾക്ക് ഹാജരാകാൻ സാധ്യമല്ലെന്ന് കണ്ടതുകൊണ്ട് അഡ്വക്കേറ്റ് ജനറൽ ഹാജരാകണമെന്നു പറഞ്ഞു. അതുകൊണ്ട് ദയവായി അങ്ങ് ഇതിനെ രണ്ടിനേയും കൂടി കൂട്ടിക്കുഴയ്ക്കരുതെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ, അങ്ങേയ്ക്ക് ഇതെല്ലാം അറിയാവുന്നതാണ്. അങ്ങയുടെ പ്രസംഗം വാക്കൗട്ടിനുമുമ്പുള്ള ഒരു സ്റ്റേറ്റ്മെന്റ് നടത്തുന്നതാണ്. അതിൽ വഴങ്ങലുമില്ല ചോദ്യവുമില്ല. Please conclude.

ശ്രീ. സി. ദിവാകരൻ: സർ, അദ്ദേഹമൊരു മന്ത്രിയല്ലേ; മന്ത്രിമാർ ചോദിച്ചാൽ വഴങ്ങാതിരിക്കുന്നത് ശരിയാണോ? അദ്ദേഹം ഇപ്പോഴും ആഭ്യന്തര വകുപ്പുമന്ത്രിയായി മറുപടി പറഞ്ഞതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഇപ്പോഴത്തെ ആഭ്യന്തര വകുപ്പുമന്ത്രി അപ്പുറത്തിരിക്കുന്നുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ അന്നത്തെ ക്ലാരിഫിക്കേഷൻ പറഞ്ഞതാണ്.

ശ്രീ. സി. ദിവാകരൻ: സർ, ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചിന്റെ ഉത്തരവ് ശരിയല്ലായെന്നാണ് മന്ത്രി പറയുന്നത്. ആ ജഡ്ജിക്ക് യാതൊരു കാര്യവുമില്ല, അദ്ദേഹം പറഞ്ഞത് അവ്യക്തമാണ് എന്നാണ്. അവ്യക്തമാണെങ്കിൽ എന്തിനാണ് അപ്പീൽ പോയത്? അവ്യക്തമാണെങ്കിൽ കളഞ്ഞാൽ മതിയല്ലോ. സിംഗിൾ ബഞ്ചിന്റെ ഒരു ഉത്തരവിനെതിരായി നിങ്ങൾ സ്റ്റേ കൊടുത്തോ ഇല്ലയോ എന്നുള്ളതാണ് ഞാൻ ഉന്നയിക്കുന്നത്. അതിന് ഡി.ജി.പി. പോയോ ഐ.ജി. പോയോ എന്നുള്ളതല്ല. ആർക്കുവേണ്ടിയാണ്, അതിന്റെ പിന്നിലെ ഇന്ററസ്റ്റ് എന്താണ്? ആരുടെ താല്പര്യം സംരക്ഷിക്കിനാണ്? പോലീസുകാരന്റെ ടെലിഫോൺകോൾ പിടിച്ചെടുക്കണമെന്ന്

സിംഗിൾ ബഞ്ച് ഉത്തരവിട്ടാൽ ഗവൺമെന്റ് അനുസരിക്കുകയല്ലേ വേണ്ടത്? അല്ലാതെ ഗവൺമെന്റിന് അതിനുപിന്നിലുള്ള ഇന്ററസ്റ്റ് എന്താണ്? ശ്രീ. സലീം രാജിനോടുള്ള താല്പര്യമല്ലാതെ മറ്റെന്താണ്? അതാണ് ഞാൻ ചോദിക്കുന്നത്. ഇതുവരെയായി ഈ പ്രശ്നത്തിൽ ഗവൺമെന്റിന് വ്യക്തമായ ഒരു നിലപാടില്ല. ഭൂമി തട്ടിപ്പ് നടന്നിട്ടുണ്ടോ ഇല്ലയോ എന്നുള്ള കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 'yes' or 'no' പറഞ്ഞാൽ ഈ പ്രശ്നം ഇവിടെ തീരും. കോടതിയിട്ട ഉത്തരവുതന്നെ ശരിയല്ലായെന്നല്ലേ പറയുന്നത്. നിയമസഭയ്ക്കകത്ത് ഞങ്ങൾ ഒരു പ്രശ്നം ഉന്നയിച്ചാൽ കോടതി പറയട്ടെ എന്നുപറയുന്നതാണോ ശരി. എങ്കിൽപ്പിന്നെ ഞങ്ങൾ കോടതിയിൽ പോയാൽ പോരെ. ഭരിക്കുന്ന മന്ത്രിമാർ ഗവൺമെന്റിന്റെ നിലപാടുകൾ വ്യക്തമാക്കണം. ഈ തട്ടിപ്പിൽ എന്താണ് കേസെന്ന് പറയുന്നതിനുപകരം ഒരുപാട് എഴുതാപ്പുറം വായിച്ചിട്ട് കാര്യമുണ്ടോ? ഈ വിഷയത്തിൽ നിങ്ങൾ പ്രതികളാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഇതിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ പറയേണ്ടത്. റവന്യൂ വകുപ്പുമന്ത്രി ഒരു പിടിപാടുമില്ലാതെ വെറുതെ പറയുന്നതാണ്. ഈ ഭൂമി തട്ടിപ്പിന്റെ കാര്യത്തിൽ വ്യക്തമായൊരു നിലപാട് പറയാനോ ഇത് സഭയിൽ ചർച്ച ചെയ്യാനോ അനുവദിക്കാത്ത സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടു പുറത്തുപോയി).

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഇവിടെ അവതരിപ്പിച്ച അടിയന്തര പ്രമേയത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ പ്രധാനപ്പെട്ട പ്രതിരോധം ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ 2011–

ലാണ് ഇതിന്റെ അന്തിമ റിപ്പോർട്ട് കോടതിയിൽ കൊടുത്തത് എന്നുള്ളതാണ്. ഒരു ക്രിമിനൽ കേസ് അന്വേഷണം നടത്തി അന്തിമ റിപ്പോർട്ട് കോടതിയിൽ കൊടുക്കുന്നതിനുമുമ്പ് മന്ത്രിമാരെ ഈ ഫയൽ കാണിക്കുന്ന ഒരേർപ്പാട് കേരള സംസ്ഥാനത്തില്ല. 2011-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലാവധി അവസാനിക്കുന്ന സമയത്ത് ഒരു കേസ് അന്വേഷണം നടത്തികൊടുത്ത റിപ്പോർട്ട് മന്ത്രി കണ്ടിട്ടല്ല കൊടുത്തത്. ആ റിപ്പോർട്ട് പ്രകാരമായിരുന്നില്ല നടപടിയെന്നത് ഗവൺമെന്റ് ശ്രദ്ധയിൽപ്പെടുത്തിയതിനുശേഷം എന്തുകൊണ്ട് ഇന്നത്തെ സർക്കാർ മുന്നോട്ടു പോകുന്നില്ലായെന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. കടകംപള്ളിയിൽ നാൽപ്പത്തിനാലര ഏക്കറും കളമശ്ശേരിയിൽ 1.16 ഏക്കറുമാണ്. തണ്ടപ്പേര് മാറ്റുക, വ്യാജമായി തണ്ടപ്പേരുണ്ടാക്കുക, ഒരേ വസ്തുവിന് രണ്ട് തണ്ടപ്പേരുണ്ടാക്കുക തുടങ്ങിയവ കേവലം സിവിൽ സ്വഭാവം മാത്രമുള്ളതല്ല. വസ്തുവിന്റെ ഉടമസ്ഥാവകാശമെന്നുപറയുന്നത് സിവിൽ തർക്കമായിരിക്കാം. റവന്യൂ റിക്കോർഡുകളിൽ വ്യാജമായി തണ്ടപ്പേര് ചമയ്ക്കുകയെന്നുപറയുന്നത് പരിപൂർണ്ണമായും ക്രിമിനൽ സ്വഭാവമുള്ള ഒരു കുറ്റകൃത്യമാണ്. അത് സിവിലല്ല. അത് സിവിൽ മാത്രമാണ്, ക്രിമിനലായി പോകണ്ടായെന്ന് ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ കോടതിയിൽ പറഞ്ഞിട്ടുണ്ടെങ്കിൽ അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയെ കുറ്റപ്പെടുത്തി ഇന്ന് നിഷ്ക്രീയരായി ഇരിക്കുകയല്ല, നടപടിയിലേയ്ക്ക് നീങ്ങുകയാണ് വേണ്ടത്. അവിടെയാണ് പ്രശ്നം. ഹൈക്കോടതി നടത്തിയ പരാമർശങ്ങൾ ഒരു ഉത്തരവല്ല, കാഷ്വൽ പരാമർശങ്ങളാണെന്നുള്ള സാങ്കേതികത്വത്തിൽ പിടിച്ചുനിൽക്കാതെ ഹൈക്കോടതി നടത്തിയ പരാമർശങ്ങളുടെ സത്ത ഉൾക്കൊള്ളാൻ ഈ ഗവൺമെന്റ് തയ്യാറാകണം.

ഇതിൽ ഉൾപ്പെട്ടുനിൽക്കുന്ന ആളുകളെപ്പറ്റി ഇവിടെ പരാമർശിക്കുകയുണ്ടായി. ആ ആളുകൾക്ക് ഭരണത്തിലുള്ള സ്വാധിനത്തെപ്പറ്റി കോടതി ചോദിച്ചില്ലേ? സസ്പെൻഡു ചെയ്ത ഒരു പോലീസ് ഉദ്യോഗസ്ഥനെ എന്തിന് ഡി.ജി.പി. ഭയപ്പെടുന്നുവെന്ന് കോടതി ചോദിച്ചില്ലേ? അത് പരാമർശമാണ്, ഉത്തരവല്ല. അത് ഞാൻ സമ്മതിക്കുന്നു. കോടതി ഒരു ചർച്ച നടത്തിയതിനു ശേഷം അന്തിമമായി പുറപ്പെടുവിച്ച ഉത്തരവിലെ കാര്യങ്ങളല്ല. പക്ഷേ സസ്പെൻഡു ചെയ്യപ്പെട്ട കോൺസ്റ്റബിളിനെ ഡി.ജി.പി. ഭയപ്പെടുന്നുവെന്ന് കോടതി നിരീക്ഷിച്ചില്ലേ? ഇത്തരം കാര്യങ്ങളിൽ സുതാര്യമായി പ്രവർത്തിക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറഞ്ഞത് റവന്യൂ വകുപ്പു സെക്രട്ടറി ശ്രീ. കമലവർദ്ധന റാവൂ അവധിയിൽ പോയിയെന്നാണ്. അദ്ദേഹം അദ്ദേഹത്തിന്റെ സ്വന്തം ആവശ്യത്തിനാണ് പോയത്. ഞാൻ അത് മുഖവിലയ്ക്കെടുക്കുന്നു. കാരണം ഉദ്യോഗസ്ഥന്മാർക്ക് സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി അവധിയെടുത്ത് പോകേണ്ടിവരും. ഈ വിഷയത്തിൽ റവന്യൂ വകുപ്പു സെക്രട്ടറിയായിരുന്നു ശ്രീ. കമലവർദ്ധന റാവു അന്വേഷണം നടത്തി ഗവൺമെന്റിന് കൊടുത്ത റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കാമോ? സഭയുടെ മേശപ്പുറത്തുവയ്ക്കണം. അതിലൂടെ പല കാര്യങ്ങളും പുറത്തുവരും. ശ്രീ. സലീം രാജെന്ന വ്യക്തി നടത്തിയ പ്രവർത്തനങ്ങൾ ഒരു സോഷ്യൽ കയോസ് ഉണ്ടാക്കിയിരിക്കുന്നുവെന്നാണ് ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. സമൂഹത്തിൽ കുഴപ്പമുണ്ടാക്കാൻ വേണ്ടി ചില നടപടികൾ ഉണ്ടായിരിക്കുന്നുവെന്നാണ് ശ്രീ. കമലവർദ്ധന റാവുവിന്റെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. ആ റിപ്പോർട്ട് മേശപ്പുറത്ത് വച്ച് ഇതൊരു പൊതുപ്രാധാന്യമുള്ള വിഷയമെന്ന നിലയിൽ ചർച്ചചെയ്യാൻ

ഗവൺമെന്റ് വൈമുഖ്യം കാണിക്കുന്നതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യൂ റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.

ശ്രീ. എ. എ. അസീസ്: സർ, സർക്കാർ ആഫീസുകളെയും ഉദ്യോഗസ്ഥന്മാരെയും സ്വാധീനിച്ച് വ്യാജരേഖ ചമച്ച് തണ്ടപ്പേരുണ്ടാക്കി ഭൂമി തട്ടിപ്പ് നടത്തിയ വളരെ ഗുരുതരമായ ഒരു ആരോപണമാണ് ഈ സഭയിൽ ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടത്. ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യാൻ കൂട്ടാക്കാതിരുന്നാൽ നമ്മുടെ സംസ്ഥാനത്ത് വളരെ ഗുരുതരമായ പ്രത്യാഘാതങ്ങൾ തന്നെയുണ്ടാകും. ഭൂമാഫിയകൾ അഴിഞ്ഞാട്ടം നടത്തുന്ന ഒരു സംസ്ഥാനമായി ഇവിടം മാറും. അത്തരമൊരു വിഷയം ചർച്ച ചെയ്യാൻ കൂട്ടാക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭയിൽ നിന്നും പുറത്തുപോയി.)

ശ്രീ. തോമസ് ചാണ്ടി: സർ, കേരളത്തിലെ സാധാരണ ജനം അന്തംവിട്ടു നിൽക്കുകയാണ്. ദൃശ്യമാധ്യങ്ങൾ ഒന്നുപറയുന്നു, പത്ര മാധ്യമങ്ങൾ വേറൊന്നുപറയുന്നു, ഏതാണ് സത്യമെന്നറിയാതെ കേരളത്തിലെ ജനങ്ങൾ ത്രിശങ്കുസ്വർഗ്ഗത്തിലാണ്. ഇവിടെ പ്രതിപക്ഷ ഉപനേതാവും മുഖ്യമന്ത്രിയും സംസാരിച്ചപ്പോഴാണ് ഞങ്ങളെപ്പോലെയുള്ളവർക്ക് കുറേക്കൂടി വിവരങ്ങൾ കിട്ടുന്നത്. സുതാര്യമായ ഒരു അന്വേഷണം നടത്തി കേരളത്തിലെ ജനങ്ങളെ സത്യം ബോധ്യപ്പെടുത്താനുള്ള ഉത്തരവാദിത്വം ഗവൺമെന്റിനുണ്ടെന്ന്

മനസ്സിലാക്കണമായിരുന്നു. ഈ വിഷയം ചർച്ച ചെയ്തിരുന്നെങ്കിൽ ഒന്നും സംഭവിക്കുകയില്ലായിരുന്നു. അതിന് തയ്യാറാകാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. തോമസ് ചാണ്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭയിൽ നിന്നും പുറത്തു പോയി.)

(ശ്രദ്ധക്ഷണിക്കൽ)